www.viswasasamrakshakan.org

# വിശ്വാസസംരക്ഷകൻ

യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ പ്രസിദ്ധീകരണം

Vol.1 Issue 7 June 1 - 15, 2006

## പരി. അബ്ദുൾ ജലീൽ ബാവായുടെ നാമം വി. കുർബ്ബാനക്രമത്തിൽ ഉൾപ്പെടുത്തി

വടക്കൻ പറവൂർ സെന്റ് തോമസ് യാക്കോബായ സുറിയാനിപള്ളിയിൽ കബറടങ്ങിയിരിക്കുന്ന പരി. അബ്ദുൾ ജലീൽ മോർ ഗ്രീഗോറിയോസ് ബാവായുടെ നാമം വി. കുർബ്ബാനയിൽ സഭാ പിതാക്കന്മാരെ സ്മരിക്കുന്ന അഞ്ചാം തുബ്ദേനിൽ ഉൾപ്പെടുത്തുവാൻ പരി. പാത്രിയർക്കീസ് ബാവാ തിരുമനസുകൊണ്ട് കൽപ്പനയായി. മുൻപ് പരി. ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവാ (മഞ്ഞനിക്കര), പരി. യൽദോ മോർ ബസേലിയോസ് ബാവ (കോതമംഗലം) പരി. ചാത്തുരുത്തിൽ മോർ ഗ്രീഗോറിയോസ് (പരുമല) എന്നിവരുടെ പേരുകൾ മാത്രമേ തുബ്ദേനിൽ ഉൾപ്പെടുത്തിയിരുന്നുള്ളു.



അബ്ദുൾ ജലീൽ ബാവായുടെ നാമം പരുമല തിരുമേനിയുടെ പേരിനുശേഷം കുർബാനയിൽ സ്മരിക്കണമെന്നാണു കൽപനയിൽ പറയുന്നത്.

പരി. സ്ലീബാ മോർ ഒസ്താത്തിയോസ് (കുന്നംകുളം), പരി. പൗലോസ് മോർ അത്താനാസിയോസ് (ആലുവ) എന്നിപിതാക്കന്മാരാണു മറ്റു പ്രഖ്യാപിത പരിശുദ്ധർ.



യരുശലേമിന്റെ പാത്രിയർക്കീസായിരുന്ന പരി. അബ്ദുൾ ജലീൽ ബാവ പതിനേഴാം ശതകത്തിൽ കൂനൻകുരിശു സത്യത്തിനു ശേഷമാണു മലങ്കരയിലെത്തിയത്. പള്ളികൾ സ്ഥാപിച്ചു വൈദികരെ വാഴിച്ചാക്കി സഭയ്ക്കു കെട്ടുറപ്പു നൽകിയതാണ് പരി. ബാവായെ ശ്രദ്ധേയനാക്കിയത്. പരി. അബ്ദുൾ ജലീലിന്റെ ശ്രാദ്ധ ജൂബിലിയാഘോഷങ്ങൾ നടന്നുവരവേയാണു പ്രഖ്യാപനം.

## നാല് മെത്രാപ്പോലീത്തന്മാരെ വാഴിക്കാൻ ശുപാർശ



ഫാ. മാത്യു പി. ജോർജ്ജ്



ഫാ. എക്ബി ചാക്കോ



ഫാ. ഡോ. ജോർജ്ജ് മാത്യു നാലുന്നാക്കൽ



ഫാ. കുറിയാക്കോസ് ജോർജ്ജ്

പുത്തൻകുരിശ്: യാക്കോബായ സുറിയാനി സഭ നാല് പുതിയ മെത്രാപ്പോലീത്തമാരെകൂടി വാഴിക്കാനൊരുങ്ങുന്നു. മേൽപ്പെട്ട സ്ഥാനത്തേക്ക് ഭദ്രാസനങ്ങൾ നൽകിയ അപേക്ഷകൾ സുന്നഹദോസ് പരിഗണിക്കുകയും. തുടർനടപടിക്ക് ശുപാർശചെയ്യുകയും ചെയ്തു. കൊല്ലം, നിരണം, തൃശ്ശൂർ, ബാഹ്യകേരളം എന്നീ ഭദ്രാസനങ്ങൾക്കായി റവ. ഫാ. മാത്യു പി ജോർജ്ജ്, റവ. ഡോ. ജോർജ്ജ് മാത്യു നാലുന്നാക്കൽ, റവ. ഫാ. കുര്യാക്കോസ് ജോർജ്ജ്, റവ. ഫാ എക്ബി ചാക്കോ എന്നിവരുടെ പേരുകളാണ് പരിഗണിക്കുന്നത്. പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ അനുവാദത്തിനായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു. അനുവാദം ലഭിക്കുന്നമുറയ്ക്ക് പരിശുദ്ധ സൂനഹദോസും സഭാ സമിതികളും ചേർന്ന് മേൽ നടപടികൾ സ്വീകരിക്കും.

വ്യക്തികളും, ഇടവകകളും, ആഡംബരങ്ങൾ പൂർണ്ണമായും ഒഴിവാക്കി സാമൂഹ്യ-സാധുജന സംരക്ഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ ധനസമാഹരണം നടത്തണമെന്നും വരുമാനത്തിന്റെ 10 ശതമാനം എങ്കിലും ഓരോ ഇടവകയും ഇതിലേക്ക് വകയിരുത്തണമെന്നും, യാക്കോബായ സഭാ സുന്നഹദോസ്സ് നിർദ്ദേശിച്ചു. കാത്തിരിപ്പിന്റെ ദിവസങ്ങളിൽ പുത്തൻകുരിശ് പാത്രിയർക്കാ സെന്ററിൽ ചേർന്ന പരി. എപ്പിസ്കോപ്പൽ സുന്നഹദോസ്സാണ് ഇത് സംബന്ധിച്ച് പള്ളികൾക്ക് കർശന നിർദ്ദേശം നൽകിയത്. ആദിമ സഭയിൽ നിലനിന്നിരുന്ന സ്ഥിതി സമത്വത്തിനായി പ്രവർത്തിക്കുവാൻ വിശ്വാസികൾക്ക് ബാധ്യതയുണ്ട്.

ആഗോളവൽക്കരണത്തിന്റെ ഫലമായി സമൂഹം വിഭജിസക്കപ്പെട്ടിട്ടുണ്ടെന്നും, സമ്പന്നരും, പാവപ്പെട്ടവരും തമ്മിൽ

Sponsored by: Mor Adai Study Center http://moradaistudycenter.cjb.net

## സുന്നഹദോസ് നിശ്ചയങ്ങൾ

സാമ്പത്തിക അന്തരം വർദ്ധിച്ചിട്ടുണ്ടെന്നും സുന്നഹദോസ്സ് അഭിപ്രായപ്പെട്ടു. പാവപ്പെട്ടവരെ സഹായിക്കാൻ പ്രത്യേക ക്ഷേമപദ്ധതികൾ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളും, സമുദായ സംഘടനകളും ചേർന്ന് നടപ്പിലാക്കണമെന്നും സുന്നഹദോസ് ആവശ്യപ്പെട്ടു.

കാർഷിക മേഖലയിലെ വൻതകർച്ച വയനാട്, ഹൈറേഞ്ച് മേഖലകളിൽ ജനജീവിതം ദുസ്സഹമാക്കിയിട്ടുള്ള പശ്ചാത്തലത്തിൽ സംസ്ഥാന ഗവൺമെന്റ് ഇവർക്കായി പ്രത്യേകം പായ്ക്കേജ് നടപ്പിലാക്കി ഇവരുടെ ദുരിതം പരിഹരിക്കുവാൻ മുന്നോട്ട് വരണമെന്ന് സുന്നഹദോസ് നിർദ്ദേശിച്ചു.

വിദ്യാഭ്യാസ രംഗത്ത് മെറിറ്റിനുള്ള പ്രാധാന്യം നിലനിർത്തണം. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നോക്കക്കാർക്കും അവസരം ലഭിക്കണം. സംവരണം നിലനിർത്തുകയും, സംവരണത്തിന്റെ ആനുകൂല്യം താഴെ തട്ടിലുള്ളവർക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുകയും വേണം. ഭൂരിപക്ഷ സമുദായങ്ങളുടെ അവകാശം ഹനിക്കാതെ ന്യൂനപക്ഷങ്ങൾക്ക് ഭരണഘടന നൽകുന്ന സംരക്ഷണം വിദ്യാഭ്യാസ മേഖലയിൽ ഉറപ്പാക്കണം.

സ്വാശ്രയവിദ്യാഭ്യാസ സ്ഥാപനങ്ങൾ സംസ്ഥാനത്തെ പുരോഗതിയിലേക്ക് നയിക്കുമെന്ന് സുന്നഹദോസ്സ് വിലയിരുത്തി. സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന വിദ്യാർത്ഥികൾക്ക് മാനേജ്മെന്റും, ഗവൺമെന്റും ചേർന്ന ഫീസ് ആനുകൂല്യം, സ്കോളർഷിപ്പ് എന്നിവ നൽകി വിദ്യാഭ്യാസ രംഗത്തെ പ്രതിസന്ധി പരിഹരിക്കണം, സമർത്ഥരായ വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസത്തിനുള്ള സാഹചര്യം ഉറപ്പാക്കുവാൻ ഗവൺമെന്റിന് ബാധ്യതയുണ്ടെന്ന് സുന്നഹദോസ് വിലയിരുത്തി.

ചരിത്രസത്യം വികലമാക്കി വിശ്വാസത്തെ വൃണപ്പെടുത്തുന്നതിനെ അനുകൂലിക്കില്ലെന്ന് സുന്നഹദോസ്സ് വ്യക്തമാക്കി. കലാപരവും ഭാവനാപരവുമായി സൃഷ്ടികൾ ഒരു സമൂഹത്തിന്റെ വിശ്വാസത്തെ വൃണപ്പെടുത്തുന്നതാവരുത്. യേശുക്രിസ്തുവിന്റെ പൂർണ്ണ ദൈവത്വത്തെ വികലമാക്കുന്ന വാദങ്ങളോടും കലാസൃഷ്ടികളോടും സഭയ്ക്ക് യോജിപ്പില്ല. ഒരു ക്രിസ്ത്യാനിയുടെ വിശ്വാസത്തെ സ്വാധീനിക്കുവാൻ ഡാവിഞ്ചി കോഡ് പോലുള്ള പുസ്തകത്തിനോ, സിനിമയ്ക്കോ കഴിയുമെന്ന് സഭ കരുതുന്നില്ല.

ഇടവക പള്ളികൾക്ക് ബഹു. സുപ്രിംകോടി വിധിയിലൂടെ ലഭിച്ചിട്ടുള്ള സ്വാതന്ത്ര്യം ഇല്ലാതാക്കി, വിശ്വാസികൾ അദ്ധ്വാനിച്ച് നിർമ്മിച്ച പള്ളികളും സ്വത്തുക്കളും തങ്ങളുടെ നിയന്ത്രണത്തിലാക്കുവാനുള്ള ഓർത്തഡോക്സ് വിഭാഗത്തിന്റെ നീക്കങ്ങളാണ് സഭയിൽ സംഘർഷവും അസമാധാനവും സൃഷ്ടിച്ചത് എന്ന് പരി. സുന്നഹദോസ്സ് വിലയിരുത്തി.

ഇരുസഭകളാണ് എന്ന യാഥാർത്ഥ്യം ഉൾക്കൊണ്ട് കൊണ്ട് കേസുകളും, തർക്കങ്ങളും അവസാനിപ്പിച്ച്. സമൂഹത്തിൽ ക്രൈസ്തവ സാക്ഷ്യം നിറവേറ്റുവാൻ സാധിക്കണമെന്ന് പരി. സുന്നഹദോസ്സ് ആഹ്വാനം ചെയ്തു.

ശ്രേഷ്ഠ കാതോലിക്ക ബസ്സേലിയോസ് തോമ് പ്രഥമൻ ബാവ. അദ്ധ്യക്ഷം വഹിച്ച സുന്നഹദോസ്സിൽ അഭിവന്ദ്യവരായ ഡോ. യൂഹാനോൻമാർ പീലക്സിനോസ് , തോമസ് മോർ തിമൊത്തിയോസ്, ജോസഫ് മോർ ഗ്രീഗോറിയോസ്, ഗീവർഗീസ് മോർ പോളികാർപ്പോസ്, മാത്യുസ് മോർ ഈവാനിയോസ്, ഗീവർഗീസ് മോർ ദിവന്നാസ്യോസ് , യൂഹാനോൻ മോർ മിലിത്തിയോസ്, കുര്യാക്കോസ് മോർ ദിയസ്കോറോസ് എന്നീ മെത്രാപ്പോലീത്താമാർ പങ്കെടുത്തു.

# ഗവൺമെന്റ് നടത്തുന്ന ഏത് സമാധാനശ്രമങ്ങളോടും യാക്കോബായ സഭയുടെ പൂർണ്ണ പിന്തുണ ശ്രേഷ്ഠ ബാവ

പുത്തൻകുരിശ്: ബഹു. സുപ്രിംകോടതി വിധി അംഗീകരിക്കുവാനും അതിന്റെ അന്തസത്ത ഉൾക്കൊള്ളുവാനും കാതോലിക്കാവിഭാഗം തയ്യാറാകാതിരുന്നതാണ് സഭാ സമാധാനത്തിന് തടസ്സമായി തീർന്നത് എന്ന് ശ്രേഷ്ഠ കാതോലിക്ക ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവാ പ്രസ്താവിച്ചു.

ഇതര കൈസ്തവ സഭ മേലധ്യക്ഷന്മാരും, ജസ്റ്റീസ് വി. ആർ. കൃഷ്ണയ്യരെ പോലുള്ള സാമൂഹീക നായകന്മാരും, മന്ത്രിസഭാ ഉപസമിതിയും നടത്തിയ മദ്ധ്യസ്ഥശ്രമങ്ങളിൽ യാക്കോബായ സഭാപൂർണ്ണമായും സഹകരിച്ചിരുന്നു. എന്നാൽ ഓർത്തഡോക്സ് സഭാ നേതൃത്വത്തിന്റെ നിഷേധാത്മകമായ നിലപാടുകൾ ആ ശ്രമങ്ങൾ പരാജയപ്പെടുവാൻ കാരണമായതായി ശ്രേഷ്ഠ ബാവ പറഞ്ഞു.

ബഹു. ഗവൺമെന്റ് നടത്തുന്ന ഏത് സമാധാനശ്രമങ്ങളോടും യാക്കോബായ സഭ പൂർണ്ണമായും സഹകരിക്കും.

ഇടവക പള്ളികൾക്ക് ബഹു. സുപ്രിംകോടതി വിധിയിലൂടെ ലഭിച്ചിട്ടുള്ള സ്വാതന്ത്ര്യം ഇല്ലാതാക്കി ഇടവക വിശ്വാസികള് അദ്ധ്വാനിച്ച് നിർമ്മിച്ച പള്ളികളും സ്വത്തുക്കളും തങ്ങളുടെ നിയന്ത്രണത്തിലാക്കുവാനുള്ള ഓർത്തഡോക്സ് വിഭാഗത്തിന്റെ നീക്കങ്ങളാണ് സഭയിൽ സംഘർഷവും അസാമാധാനവും സൃഷ്ടിച്ചത്. ആസുത്രിതമായ നീക്കങ്ങളിലൂടെ യാക്കോബായ സഭയുടെ മാത്രമായ ദൈവാലയങ്ങളിൽ വിഘടിത വിഭാഗം സംഘർഷാവസ്ഥ സൃഷ്ടിച്ച് ദൈവാലയങ്ങൾ പൂട്ടിക്കുകയാണ് ഉണ്ടായത്. ഇന്ന് സ്വന്തം സഭയിലെ ദൈവാലയങ്ങൾ വരെ പൂട്ടിക്കുന്ന നിലയിലേക്കാണ് അവർ എത്തിയിരിക്കുന്നു എന്ന് ബാവ ചൂണ്ടിക്കാട്ടി.

കോലഞ്ചേരി, കടമറ്റം പള്ളികൾ തുറക്കുവാൻ ഇരുസഭയിലേയും വിശ്വാസികൾ നടത്തിയ ശ്രമങ്ങൾക്ക് യാക്കോബായ സഭ പൂർണ്ണ പിന്തുണ നൽകിയപ്പോൾ ഓർത്തഡോക്സ് സഭാ നേതൃത്വം സ്വീകരിച്ച നിലപാടുകൾ ഒരു ക്രൈസ്തവ സഭയ്ക്ക് ചേർന്നതായിരുന്നില്ല.

കോടതി വിധി തങ്ങൾക്ക് അനുകൂലമാണ് എന്ന് പറയുന്ന ഓർത്തഡോക്സ് സഭാ നേതൃത്വം 1995 ലെ ബഹു. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഉണ്ടായിട്ടുള്ള ബഹു. കേരളാ ഹൈക്കോടതി വിധിക്കെതിരെ വീണ്ടും ബഹു. സുപ്രിം കോടതിയെ സമീപിച്ചിരിക്കുന്നത് എന്തിനെന്ന് വ്യക്തമാക്കണമെന്ന് ശ്രേഷ്ഠ ബാവ ആവശ്യപ്പെട്ടു. ബഹു. സുപ്രിം കോടതി വിധിയിൽ പരി. പാത്രിയർക്കീസ് ബാവ ആകമാന സഭയുടെ തലവനാണ് എന്നും, മലങ്കര സഭ ആകമാന സുറിയാനി സഭയുടെ ഭാഗമാണ് എന്നും കാതോലിക്ക പരി. പാത്രിയർക്കീസ് ബാവായുടെ കീഴ് സ്ഥാനിയാണ് എന്നും, ഇടവക പള്ളികൾ ഇടവക വിശ്വാസികളുടേതാണ് എന്നും വ്യക്തമായി പറഞ്ഞിട്ടുള്ളത് ഉൾക്കൊള്ളുവാൻ ഓർത്തഡോക്സ് സഭയ്ക്ക സാധിക്കുന്നില്ല.

ഇരുസഭകളാണ് എന്ന യാഥാർത്ഥ്യം ഉൾക്കൊണ്ട് കൊണ്ട് കേസുകളും. തർക്കങ്ങളും അവസാനിപ്പിച്ച്, സമൂഹത്തിൽ ക്രൈസ്തവ സാക്ഷ്യം നിറവേറ്റുവാൻ സാധിക്കണമെന്ന് പ്രാർത്ഥിക്കുന്നതായി ശ്രേഷ്ഠ ബാവ പറഞ്ഞു.

## എഡിറ്റോറിയൽ

# വിശ്വാസസംരക്ഷകൻ വളർച്ചയുടെ പാതയിൽ

വിശ്വാസ സംരക്ഷകൻ പ്രസിദ്ധീകരണം അതിന്റെ ബാലരിഷ്ടതകൾ കഴിഞ്ഞ് ദൈവാനുഗ്രഹത്താൽ മുമ്പോട്ടു പോവുകയാണ്. ഈ കുറഞ്ഞ നാളുകളിൽ ഞങ്ങൾക്ക് ലഭിച്ച സഹകരണം വളരെ വിലപ്പെട്ടതാണ്. എല്ലാവരുടെയും മനസ്സിന് ഇണങ്ങുന്ന രീതിയിൽ പൂർണ്ണമായും വിജയിച്ചു എന്നു ഞങ്ങൾ കരുതുന്നില്ല. പല നല്ല ആശയങ്ങളും പലരുടേയും ഭാഗത്ത് നിന്ന് മുമ്പോട്ട് വരുന്നുണ്ട് അവ പ്രാവർത്തികമാക്കാനുള്ള ശ്രമത്തിലാണ്.

നമ്മുടെ ശ്രേഷ്ഠ ബാവാ തിരുമേനിയും, അഭിവന്ദ്യ ജോസഫ് മാർ ഗ്രീഗോറിയോസ് തിരുമേനിയും ഇപ്പോൾ ഇന്റർനെറ്റിൽ മാത്രമുള്ള ഈ പ്രസിദ്ധീകരണം മലങ്കരയിൽ അച്ചടിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. ശ്രേഷ്ഠ ബാവ തിരുമനസ്സിനും അഭിവന്ദ്യ പിതാക്കന്മാർക്കും ഞങ്ങളെക്കുറിച്ചുള്ള കരുതലിന് നിറഞ്ഞമനസ്സോടെ നന്ദി രേഖപ്പെടുത്തുന്നു. ബാവാ തിരുമനസ്സിലെ കൽപ്പന അനുസരിച്ചുകൊണ്ട് വിശ്വാസ സംരക്ഷകന്റെ എല്ലാ പ്രവർത്തകരുടെയും ആലോചനയോടെ പുതിയ ക്രമീകരണത്തെപ്പറ്റി ചിന്തിക്കുകയാണ്. ഈ കാര്യത്തിൽ എല്ലാവരുടേയും വിലപ്പെട്ട നിർദ്ദേശങ്ങൾ ക്ഷണിച്ചുകൊള്ളുന്നു.

യാക്കോബായ സുറിയാനി സഭയിലെ പള്ളികളിൽ എല്ലാം ഇന്ന് വിശ്വാസസംരക്ഷണ സമിതിയുടെ ശാഖകൾ ഉണ്ട്. നമ്മൾ അച്ചടിക്കുന്ന പതിപ്പിന്റെ പ്രവർത്തനം അവരുടെ സഹകരണത്തിലാകണമെന്ന് ബാവാ തിരുമനസ്സുകൊണ്ട് കൽപ്പന ഉണ്ടായി. ഇപ്പോൾ രണ്ടു തവണയായുള്ള ഇന്റർനെറ്റ് എഡിഷൻ നിലനിർത്തി അച്ചടിപതിപ്പ് മാസത്തിൽ ഒരു തവണയായി ഇറക്കാനുമുള്ള നിർദ്ദേശമാണ് വന്നിരിക്കുന്നത്.

ഇപ്പോൾ ഇന്റർനെറ്റിലുള്ള വിശ്വാസസംരക്ഷകന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ പല പുതിയ നിർദ്ദേശങ്ങളും ലഭിക്കുന്നുണ്ട് അവയെല്ലാം സന്തോഷത്തോടെ സ്വാഗതം ചെയ്യുന്നു. നമ്മുടെ സഭയുടെ പുരാതന സത്യവിശ്വാസത്തെ ചോദ്യംചെയ്തുകൊണ്ട് പല പ്രസിദ്ധീകരണങ്ങളിൽ ലേഖനങ്ങൾ വരുന്നതായി കാണാം. പ്രത്യേകിച്ച് പല നവീന സഭകളാണ് ഈ കാര്യങ്ങളിൽ മുൻപന്തിയിൽ പ്രവർത്തിക്കുന്നത്. ഈ ദൃശ്യ പ്രവർത്തനങ്ങളിൽ നമ്മളുടെ സഭാംഗങ്ങളും പങ്കെടുക്കുക എന്നത് ദുഖകരമാണ്. ഈ അവസ്ഥ മാറ്റിയെടുക്കുന്നതിനുവേണ്ടി വിശ്വാസസംരക്ഷകൻ പുതിയ ഒരു പംക്തി ആരംഭിക്കുവാൻ ആഗ്രഹിക്കുന്നു. നമ്മുടെ സഭയുടെ വിശ്വാസ സത്യങ്ങളെക്കുറിച്ച് ലേഖനങ്ങളും വേദപഠനത്തിന് ഉതകുന്ന ലേഖനങ്ങളും പ്രസിദ്ധീകരിക്കാൻ ആഗ്രഹിക്കുന്നു. കൂടാതെ ഇവയെ പറ്റിയുള്ള ഒരു ചോദ്യോത്തര പംക്തി തുടങ്ങുന്നതാണ്. നമ്മുടെ വിശ്വാസികൾ പ്രത്യേകിച്ചു യുവജനങ്ങൾ സഭയുടെ വിശ്വാസത്തിൽ നിന്ന് അകന്ന് പോകുന്നു. നമുക്കു വിശ്വാസ സത്യങ്ങൾ കൂടുതൽ മനസ്സിലാക്കാൻ അവരുടെ ലേഖനങ്ങളും കൂടുതലായി പ്രസിദ്ധീകരിക്കുന്നതാണ്. പ. സഭയിലെ പ്രഗൽഭരായ വൈദികർ ഈ ചർച്ചകളിൽ പങ്കെടുക്കുന്നതാണ്.

പല മേഖലകളിലുമുള്ള വാർത്തകൾ പ്രസിദ്ധികരണാർത്ഥം അയച്ചുതരാറുണ്ട് പക്ഷേ യൂറോപ്പ്, ഗൾഫ് തുടങ്ങിയ പ്രദേശങ്ങളിലെ ദേവാലയങ്ങളിലെ പ്രവർത്തനങ്ങൾ കൂടുതലായി അയച്ചുതന്നാൽ അവ വളരെ സന്തോഷത്തോടെ പ്രസിദ്ധീകരിക്കുന്നതാണ്. അക്കാര്യത്തിൽ ആ പ്രദേശങ്ങളിലുള്ള നമ്മുടെ വിശ്വാസികളുടെ സഹകരണം തേടുന്നു.

വിശ്വാസ സംരക്ഷകന്റെ പ്രവർത്തനങ്ങളിൽ സഹകരിയ്ക്കുന്ന എല്ലാവർക്കും ഒരിയ്ക്കൽകൂടി നന്ദി രേഖപ്പെടുത്തുന്നു. ഈ പ്രസിദ്ധീകരണങ്ങൾക്ക് കൂടുതൽ പ്രചാരണം ലഭിക്കാൻ ഓരോരുത്തരും അവരവരാൽ കഴിയുന്ന വ്യക്തികൾക്ക് ഈ പ്രസിദ്ധീകരണം അയച്ചുകൊടുത്താൽ നന്നായിരിക്കും.

വന്ദ്യ കുറിയാക്കോസ് മൂലയിൽ കോർ എപ്പിസ്കോപ്പായുടെ നേതൃത്വത്തിലുള്ള എഡിറ്റോറിയൽ ബോർഡ് നൽകുന്ന നല്ല സഹകരണങ്ങൾ ഓർത്ത് ദൈവത്തെ സ്തുതിച്ചുകൊണ്ടും പരി. മോർ അത്തനാസിയോസ് വലിയ തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ടും ഒരിയ്ക്കൽകൂടി എല്ലാവരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട്.

**ബിബി എബ്രഹാം**
**കടവുംഭാഗം**

# സത്യവിശ്വാസത്തിന്റെ കാവൽഭടനായിരുന്ന മർക്കോസ് മോർ കൂറിലോസ് തിരുമേനി

**മനോജ് മാത്യു ആര്യാടംപാക്കൽ**

യാക്കോബയാ സുറിയാനി സഭയുടെ നിരണം ഭദ്രാസനാധിപനും തിരുവനന്തപുരം, കുവൈറ്റ് പള്ളികളുടെ അധിപനുമായിരുന്ന അഭിവന്ദ്യ മർക്കോസ് മോർ കൂറിലോസ് തിരുമേനിയുടെ ഒന്നാം ദുഖ്റോനോ പെരുന്നാൾ മെയ് 30 ന് ആചരിച്ചു.



കോട്ടയം നട്ടാശ്ശേരി പൊൻപള്ളി സെന്റ് ജോർജ്ജ് യാക്കോബായ സുറിയാനി പള്ളി ഇടവകയിൽ രാമന്തറ വീട്ടിൽ പരേതനായ മാണിവർക്കിയുടെയും ശ്രീമതി ഏലിയാമ്മ വർക്കിയുടെയും മൂത്തപുത്രനായി 1946 ഒാക്ടോബർ 6 ന് ഭൂജാതനായ തിരുമേനി നട്ടാശേരി സെന്റ് മേരീസ് എൽ.പി .സ്ക്കൂൾ, ഹോളി ഫാമിലി ഹൈസ്ക്കൂൾ കോട്ടയം സി.എം.എസ് കോളജ്, ബസേലിയോസ് കോളജ് എന്നിവടങ്ങളിലെ വിദ്യാഭ്യാസത്തിനുശേഷം കോട്ടയം പഴയ സെമിനാരിയിൽ വൈദിക വിദ്യാഭ്യാസം നടത്തി.

1970 മെയ് 7 ന് ബസേലിയോസ് ഔഗേൻ കാതോലിക്ക ബാവായിൽ നിന്ന് ശെമ്മാശപട്ടം സ്വീകരിച്ചുകൊണ്ട് വൈദിക ശുശ്രൂഷയിൽ കടന്നുവന്ന തിരുമേനി 1974 മാർച്ച് 25 ന് പുണ്യശ്ലോകനായ പെരുമ്പള്ളിയിൽ ഗീവറുഗീസ് മോർ ഗ്രീഗോറിയോസ് തിരുമേനിയിൽ നിന്ന് കശ്ശീശ സ്ഥാനം സ്വീകരിച്ചു. സഭയിലെ അറിയപ്പെടുന്ന സുറിയാനി പണ്ഡിതനായ അഭിവന്ദ്യതിരുമേനി ദീർഘകാലം വെട്ടിക്കൽ വൈദിക സെമിനാരിയിൽ മല്പാനായിരുന്നു. ദിലായ് സെന്റ് മേരീസ്, ന്യൂഡൽഹി സെന്റ് പീറ്റേഴ്സ്, ബെഹറിൻ സെന്റ് മേരീസ് തുടങ്ങി ബാഹ്യകേരളത്തിലെയും കോട്ടയം ഭദ്രാസനത്തിലെയും വിവിധ ദേവാലയങ്ങളിൽ സേവനം അനുഷ്ഠിച്ചു. കഴിഞ്ഞ 30ൽ പരം വർഷങ്ങളായി സഭയിലെ നൂറുകണക്കിന് വൈദികരുടെയും സുറിയാനി ഭാഷാ ഗുരുവായിരുന്ന തിരുമേനി സഭയുടെ ആരാധനസംവിധാനം, ആരാധനക്രമങ്ങൾ, സുറിയാനി പഠനസഹായി തുടങ്ങി നിരവധി കൃതികൾ സുറിയാനിൽ നിന്ന് ഭാഷാന്തരം ചെയ്തിട്ടുണ്ട്. തിരുമേനി തയ്യാറാക്കിയ "സഭയുടെ ശുശ്രൂഷ നടപടിക്രമം" എന്ന പുസ്തകം വളരെ പ്രശസ്തമാണ്. സഭയിലെ അഭിവന്ദ്യ പിതാക്കാന്മാരായ ജോസഫ് മോർ ഗ്രീഗോറിയോസ്, കുറിയാക്കോസ് മോർ ദിയസ്ക്കോറോസ്, ഗിവറുഗീസ് മോർ അത്താനാസിയോസ്, കുറിയാക്കോസ് മോർ തേയോഫിലോസ് തുടങ്ങിയ പിതാക്കന്മാർ തിരുമേനിയുടെ ശിഷ്യന്മാരാണ്.

സത്യവിശ്വാസ സംരക്ഷണത്തിന്റെ കാര്യത്തിൽ തികഞ്ഞ തീക്ഷ്ണത പുലർത്തിയിരുന്ന തിരുമേനി സഭയിൽ അങ്ങോളമിങ്ങോളം ഓടി നടന്ന് സത്യവിശ്വാസം സംരക്ഷിച്ചു. സഭയുടെ നിർണായകമായ ഭാവിലേക്കുള്ള നടപടിയായി 2002 ൽ പുത്തൻ കുരിശിൽ കൂടിയ അസോസിയേഷന് കല്പന പുറപ്പെടുവിച്ചതും യോഗത്തിൽ അദ്ധ്യക്ഷതവഹിച്ചതും തിരുമേനിയായിരുന്നു. ഭരണഘടന പാസാക്കിയതും ശ്രേഷ്ഠ ബാവയെ തിരഞ്ഞെടുക്കുകയും ആ യോഗത്തിൽ വെച്ചായിരുന്നു.

ഈ തലമുറയെ സുറിയാനി ഭാഷാപണ്ഡിതനായ തിരുമേനി കോട്ടയം സെന്റ് ഏഫ്രേം സുറിയാനി ഗവേഷണ കേന്ദ്രം അദ്ധ്യാപകനായിരുന്നു. എം.ജി. യൂണിവേഴ്സിറ്റി സുറിയാനി പരീക്ഷകനായും തിരുമേനി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കോട്ടയം ഭദ്രാസന പ്രസിദ്ധീകണമായ ജേർണൽ മാസി

കയുടെ എഡിറ്ററായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

2000 ഓഗസ്റ്റ് 6 ന് പെരുമ്പള്ളി സെമിനാരിയിൽ വെച്ച് അഭിവന്ദ്യ കുറിയാക്കോസ് മോർ യൂലിയോസ് തിരുമേനി മറ്റ് മെത്രാപ്പോലിത്താമാരുടെ സാന്നിദ്ധ്യത്തിൽ റമ്പാൻ സ്ഥാനം നൽകി. 2001 ജനുവരി 14 ന് ഡമാസ്കസിലെ പാത്രിയർക്കാ കത്തീഡ്രലിൽ വെച്ച് പരിശുദ്ധ ഇഗ്നാത്തിയോസ് സാഖാപ്രഥമൻ പാത്രിയർക്കീസ് ബാവാ മെത്രാപ്പോലിത്തായായി വാഴിച്ചു. മെത്രാപ്പോലിത്തായായിട്ടും സാധാരണ ജീവിതം നയിച്ചിരുന്ന തിരുമേനിയുടെ സരസമായ സംഭാഷണവും ജനസമ്പർക്കവും ആകർഷകമായിരുന്നു. സഭയുടെ പ്രധാനയോഗങ്ങളിലെല്ലാം തിരുമേനിയുടെ നർമ്മരസമായ പ്രസംഗങ്ങൾ എല്ലാവരേയും ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുമായിരുന്നു. വിശ്വാസകാര്യങ്ങളിൽ തെല്ലും വിട്ടുവീഴ്ചയില്ലാതിരുന്ന തിരുമേനി ആരു വന്നാലും അവരെ സൽക്കരിച്ച് മാത്രമെ തിരിച്ചയക്കാറുണ്ടായിരുന്നുള്ളു. പങ്ങട സെന്റ് മേരീസ് പള്ളിയോടനുബന്ധിച്ചുള്ള ദയറായിലായിരുന്നു തിരുമേനി താമസിച്ചുവന്നിരുന്നത്. ദീർഘകാല രോഗബാധിതനായി കഴിഞ്ഞ തിരുമേനി 2005 മെയ് 30 ന് രാവിലെ കാലം ചെയ്തു. എറണാകുളം ലേക്ഷോർ ആശുപത്രിയിൽ വെച്ചാണ് അന്ത്യം. കബറടക്കം മെയ് 31 ന് പങ്ങട സെന്റ് മേരീസ് പള്ളിയിൽ ശ്രേഷ്ഠ കാതോലിക്ക ബാവായുടെ കാർമ്മികത്വത്തിൽ നടന്നു.

✝

# പള്ളിക്കൂദാശയും പെരുന്നാളും

"നീ പണിതിരിക്കുന്ന ഈ ആലയത്തെ എന്റെ നാമം അതിൽ എന്നേക്കും സ്ഥാപിപ്പാൻ തക്കവണ്ണം ഞാൻ വിശുദ്ധീകരിച്ചിരിക്കുന്നു. എന്റെ കണ്ണും ഹൃദയവും എല്ലായ്പ്പോഴും അവിടെ ഇരിക്കും (1 രാജാക്കന്മാർ 9:3)"

വിശ്വാസികളെ ദൈവകൃപയാൽ ഷാർലറ്റിലും പരിസരപ്രദേശങ്ങളിലും മലങ്കരയിൽ നിന്നും കുടിയേറിപ്പാർക്കുന്ന വിശ്വാസികളുടെ ചിരകാലാഭിലാഷമായ സെന്റ് ജോർജ്ജ് സിറിയൻ ഓർത്തഡോക്സ് പള്ളിയ്ക്കുവേണ്ടി പുതുതായി വാങ്ങിയദേവലായത്തിന്റെ കൂദാശയും പെരുന്നാളും ജൂൺമാസം 17,18 തീയതികളിൽ (ശനി,ഞായർ ദിവസങ്ങളിലായി) അമേരിക്കൻ ഭദ്രാസനമെത്രാപ്പോലിത്താ അഭിവന്ദ്യ യൽദോ മോർ തീത്തൂസിന്റെ പ്രധാനകാർമ്മികത്വത്തിലും വന്ദ്യവൈദികരുടെ മഹനീയസാന്നിദ്ധ്യത്തിലും നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന വിവരം സസന്തോഷം അറിയിക്കുന്നു. ആയതിലേക്ക് വിശ്വാസികളായ ഏവരും പ്രാർത്ഥനാപൂർവ്വം വന്ന് ചേർന്ന് അനുഗ്രഹം പ്രാപിക്കണമെന്ന് അപേക്ഷിക്കുന്നു.

| എന്ന് വികാരി | അസിസ്റ്റന്റ് വികാരി | സെക്രട്ടറി |
|---|---|---|
| **റവ. ഫാ. മാത്യൂസ് ഇടത്തറ** | **റവ. ഫാ. ബിജോ മാത്യൂസ്** | **ബിനോയ് പീറ്റേഴ്സ്** |

### കാര്യപരിപാടികൾ

| | | |
|---|---|---|
| 06-17-06 | 06.30 pm | സന്ധ്യാപ്രാർത്ഥന |
| | 07.00 pm | കൂദാശയുടെ ആദ്യഭാഗം |
| | 08.30 pm | പ്രസംഗം - അഭിവന്ദ്യ യൽദോ മോർ തീത്തൂസ് മെത്രാപ്പോലീത്ത |
| | 09.00 pm | ആശീർവാദം, ഭക്ഷണം |
| 06-18-06 | 09.00 pm | പ്രഭാതപ്രാർത്ഥന |
| | 09.30 am | കൂദാശയുടെ രണ്ടാം ഭാഗം |
| | 10.30 pm | വി. കുർബാന-അഭിവന്ദ്യ യൽദോ മാർ തീത്തൂസ് മെത്രാപ്പോലീത്ത |
| | 12.00 pm | ആശീർവാദം |
| | 12.30 pm | സ്നേഹവിരുന്ന് |

**Address of the Church: St. George Syrian Orthodox Church, 5932 Freedom Drive, Charlotte, NC:28214**

For more details and directions please contact: Benoy Peters 704-763-3964 (cell): Varkey Joseph 704-236-9666(cell): Wilson Abraham 803-547-1236:Shaji Chacko 704-231-4194; Shaji Peter-803-548-6390 (home), 704-458-8832 (cell), Jose Varghese 704-264-7603



# പരി. അബ്ദുൾ ജലീൽ ബാവായെ വി. കുർബ്ബാനക്രമത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് പരി. പാത്രിയർക്കീസ് ബാവായുടെ കൽപ്പന

## SYRIAN ORTHODOX PATRIARCHATE OF ANTIOCH & ALL THE EAST

BABTOUMA
P.O. BOX - 22260
DAMASCUS, SYRIA.
No. E 50/06

7th February 2006

**ദൈവകൃപയാൽ**
**ആകമാന സുറിയാനി ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനായ അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ ഇവാസ് പാത്രിയർക്കീസ്**

(മുദ്ര)

നമ്മുടെ ആത്മീയ സഹോദരനായ മോർ ബസ്സേലിയോസ് തോമസ് പ്രഥമൻ കാതോലിയ്ക്കായ്ക്കും,ഇന്ത്യയിലെ സ്നേഹം നിറഞ്ഞ അഭിവന്ദ്യരായ മെത്രാപ്പോലീത്താമാർക്കും, നമ്മുടെ ആത്മീയ മക്കൾക്കും, വന്ദ്യരായ കോറെപ്പിസ്കോപ്പാമാർക്കും, അർപ്പിതരായ ദയറാക്കാർക്കും, ബഹു. വൈദീകർക്കും, ശെമ്മാശ്ശന്മാർക്കും, സമർപ്പിതരായ കന്യാസ്ത്രീകൾക്കും, യാക്കോബായ ക്രിസ്ത്യാനി സഭയിലെ എല്ലാ വിശ്വനാസികൾക്കും അപ്പോസ്തോലിക വാഴ്വുകൾ.

ഈ ശ്ലൈഹീക കല്പന ഏറെ ആത്മീയ സന്തോഷത്തോടെയാണ് നാം അയക്കുന്നത്. 1 തെസ്സ 5:12- 13 വാക്യങ്ങളിൽ പൗലോസ് അപ്പോസ്തോലൻ ഇപ്രകാരം പ്രബോധിപ്പിക്കുന്നു. "എന്റെ സഹോദരന്മാരെ നിങ്ങളുടെ ഇടയിൽ അദ്ധ്വാനിക്കുകയും, നമ്മുടെ കർത്താവിൽ നിങ്ങളെ ഭരിക്കുകയും, നിങ്ങളെ പഠിപ്പിക്കുകയും ചെയ്യുന്നവരെ നിങ്ങൾ അറിയണം. അത്യധികമായ സ്നേഹത്തോടെ അവരെ നിങ്ങൾ കരുതണം. അവരുടെ വേല നിമിത്തം നിങ്ങൾ അവരുമായി സമാധാനപ്പെട്ടിരിക്കണമെന്ന് ഞങ്ങൾ നിങ്ങളോട് അപേക്ഷിക്കുന്നു"). ആകമാന സുറിയാനി ഓർത്തഡോക്സ് സഭ നമ്മുടെ കർത്താവിനുവേണ്ടി വേല ചെയ്തിട്ടുള്ള എല്ലാ പുണ്യവാന്മാരെയും അത്യധികമായി ആദരിക്കുകയും, അവരോടുള്ള ബഹുമാനങ്ങൾ വെളിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇത് വിശ്വാസികൾക്ക് ആത്മധൈര്യം പകരുകയും, അവരെ ജീവിതത്തിൽ അനുകരിച്ച് ആത്മീയമായി അഭിവൃദ്ധിപ്പെടുവാനും ഇടയായിട്ടുണ്ട്. 20-10-1987 ലെ നമ്മുടെ ശ്ലൈഹീക കല്പന നമ്പർ. E 265/87 പ്രകാരം പരി. ഏലിയാസ് തൃതിയൻ ബാവായുടേയും, എൽദോ മോർ ബസ്സേലിയോസ് ബാവായുടെയും, പരുമലയിൽ കബറടങ്ങിയിരിക്കുന്ന മോർ ഗ്രീഗോറിയോസ് തിരുമേനിയുടേയും പേരുകൾ 5-ാം തുബ്ദേനിൽ ഉൾക്കൊള്ളിക്കുവാൻ സാധിച്ചതിൽ നാം ദൈവത്തെ മഹത്വപ്പെടുത്തുന്നു. 2006 ജനുവരി 12-ാം തീയതി കൂടിയ പ്രാദേശീക എപ്പിസ്കോപ്പൽ സുന്നഹദോസ്സിൽ കേരളത്തിലെ വടക്കൻ പറവൂർ സെന്റ് തോമസ് യാക്കോബായ പള്ളിയിൽ ഭൗമീക ശരീരം അടക്കപ്പെട്ടിട്ടുള്ള അനുഗൃഹീതനായ അബ്ദുൾ ജലീൽ ബാവായുടെ നാമം 5-ാം തുബ്ദേനിൽ ചേർത്ത് ഓർക്കണമെന്ന് പരി. സുന്നഹദോസിന്റെ 4-ാമത്തെ തീരുമാനത്തിൽ നമ്മോട് ആവശ്യപ്പെട്ടിരിക്കുന്നു. 17-ാ നൂറ്റാണ്ടിൽ മലങ്കരയിൽ എത്തിച്ചേർന്ന പരി. ഗ്രീഗോറിയോസ് അബ്ദുൾ ജലീൽ ബാവയ്ക്ക് ഇന്ത്യയിലെ നമ്മുടെ ജനങ്ങളെ വിശ്വാസത്തിൽ നിലനിർത്തുവാൻ വളരെയെറേ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും സഹിക്കേണ്ടതായി വന്നിട്ടുണ്ട്. ആയതിനാൽ ഇന്ത്യയിലെ പ്രാദേശീക സുന്നഹദോസിന്റെ തീരുമാനം നാം സന്തോഷപൂർവ്വം അംഗീകരിക്കുകയും 5-ാം തുബ്ദേനിൽ മലങ്കരയില മോർ ഗ്രീഗോറിയോസ് തിരുമേനിയുടെ പേരിനുശേഷം പരി. ഗ്രീഗോറിയോസ് അബ്ദുൾ ജലീൽ ബാവായുടെ പേര് ഉൾപ്പെടുത്തുവാനും ഇതിനാൽ നാം അനുവദിച്ചിരിക്കുന്നു. ഈ നടപടി ഇന്ത്യയിലെ നമ്മുടെ എല്ലാ പള്ളികളിലും ഇന്ത്യയ്ക്കു വെളിയിൽ വി. കുർബ്ബാന അർപ്പിക്കുന്ന മറ്റു പള്ളികളിലും ആചരിച്ച് നടപ്പാക്കുവാൻ നാം കല്പിച്ചിരിക്കുന്നു.

നിങ്ങൾക്കെല്ലാവർക്കും ശ്ലൈഹീക വാഴ്വുകൾ. ദൈവത്തിന്റെ കൃപ നിങ്ങൾ എല്ലാവരോടും ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ വി. കന്യാമറിയാം അമ്മയുടേയും, ശ്ലീഹന്മാരുടെ തലവനായ വി. പത്രോസിന്റെയും, ഇന്ത്യയുടെ അപ്പോസ്തോലനായ മോർ തോമാശ്ലീഹായുടേയും, സമാധാനത്തിന്റെ ദൂതനായ വി. ഇഗ്നാത്തിയോസ് ഏലിയാസ് തൃതിയന്റെയും സകല വിശുദ്ധന്മാരുടേയും, ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ....

No. P 6 / 2006

കർത്താവിൽ പ്രിയരെ,

പരിശുദ്ധ പാത്രിയർക്കീസ് ബാവ തിരുമനസ്സുകൊണ്ട് അയച്ചുതന്നിരിക്കുന്ന No. E 50/06 നമ്പർ കൽപ്പനയുടെ പകർപ്പ് നിങ്ങളുടെ അറിവിലേക്കായി അയച്ചു തരുന്നു. ഇനിമുതൽ പരി. സഭയിലെ എല്ലാ ദൈവാലയങ്ങളിലും വി. കുർബ്ബാനയിലെ 5-ാം തുബ്ദേനിൽ ".. മലങ്കരയിലെ മോർ ഗ്രീഗോറിയോസും, 'മോർ ഗ്രീഗോറിയോസ് അബ്ദുൾ ജലീൽ ബാവാ' യുമായ നമ്മുടെ പിതാക്കന്മാരും...' ചേർത്ത് വായിക്കേണ്ടതാകുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

പുത്തൻകുരിശ്
പാത്രിയർക്കാ സെന്ററിൽ നിന്നും,
2006 മെയ് മാസം 20-ാം തീയതി.

ബസ്സേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ

# മലങ്കരയിലെ കാതോലിക്കേറ്റ് - ചില വിചിന്തനങ്ങൾ

**കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ**

മലങ്കരയിൽ 1912-ൽ അവ്യവസ്ഥാപിതമായി കാതോലിക്കേറ്റ് സ്ഥാപിതമായതു മുതൽ ഇന്നുവരെയും ഈ സ്ഥാനം തർക്കങ്ങൾക്കും വ്യവഹാരങ്ങൾക്കും എല്ലാം മുഖാന്തരമായിരുന്നു എന്നു മാത്രമല്ല അതിന്റെ സ്ഥാപകർക്കും ആധുനിക വക്താക്കൾക്കും ഇന്നും പൊതുസ്വീകാര്യമായ ഒരു 'നിർവചനം' നൽകുവാൻ സാധ്യമല്ലാത്ത വിധം പൊട്ടക്കണ്ണന്മാർ ആനയെ വർണ്ണിക്കുംപോലെ ഓരോരുത്തരും വിഭിന്നങ്ങളായ വ്യാഖ്യാനങ്ങൾ നൽകി നിവൃത്തിയടഞ്ഞുവരുന്ന രീതിയാണ് കണ്ടുവരുന്നത്. ഈ വിഷയത്തിൽ ഏറ്റം പുതിയ വിശദീകരണങ്ങളും നിർവചനങ്ങളും നൽകുവാൻ വന്നിരിക്കുന്നത് എന്റെ പ്രിയ സുഹൃത്തും പണ്ഡിതശ്രേഷ്ഠനും സഹൃദയനുമായ റവ. ഫാ. ജോർജ് പുലിക്കോട്ടിലാണ് ഇന്ത്യൻ ഓർത്തഡോക്സ് ഹെറാൾഡ് എന്ന സൈബർ പ്രസിദ്ധീകരണത്തിലാണ് അദ്ദേഹം തന്റെ ദർശനങ്ങൾ അവതരിപ്പിച്ചിരിക്കുന്നത് (2006 മെയ് 24 ലക്കം കാണുക)



അദ്ദേഹത്തിന്റെ ഗുരുവും വൈദികാധ്യാപകനുമായ റവ. ഡോ. റ്റി.ഐ. വർഗീസ് 'മലങ്കര സഭാദീപം' ദ്വൈവാരികയിൽ 'കാതോലിക്കേറ്റ് അഭിമുഖീകരിക്കുന്ന വൈതരണികളെക്കുറിച്ച് ഒരു ലേഖനം മുൻലക്കത്തിൽ പ്രസിദ്ധീകരിച്ചിരുന്നു' കാതോലിക്കേറ്റിന്റെ മുൻസ്ഥിതിയെ അയുക്തകമായി ബന്ധപ്പെടുത്തുന്നത് എ.ഡി. 488 ൽ സ്വതന്ത്ര നെസ്തോറിയൻ സ്ഥാപനമായിത്തീർത്ത കാതോലിക്കേറ്റുമായാണ് എ.ഡി 231 ൽ സെലൂക്യായിൽ സ്ഥാപിതമായ 'കിഴക്കിന്റെ വലിയ മെത്രാപ്പോലീത്ത' പേർഷ്യയിൽ നിലനിന്നിരുന്നത് അന്ത്യോഖ്യാ സിംഹാസന ബന്ധത്തിലും അതുവഴി ആകമാന സഭാ ബന്ധത്തിലുമാണ്. ഈ വലിയ മെത്രാപ്പോലീത്തായാണ് നിഖ്യാസുന്നഹദോസ് 'കാതോലിക്കോസ്' എന്ന സ്ഥാനപദവിനൽകി അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അധികാര വ്യാപ്തിയിൽ രണ്ടാം സ്ഥാനത്ത് ( വലതു വശത്ത് ഇരിപ്പിടം നൽകി) ബഹുമാനിച്ചത്. കാതോലിക്കോസ് എന്ന സ്ഥാനപദവി സഭയിൽ ഉണ്ടാകുന്നത് 325 ൽ മാത്രമാണ്. ഈ സ്ഥാനത്ത് വന്നയാൾ 488-ൽ നെസ്തോറിയമാവുകയും സഭയിൽ നിന്നും സ്വതന്ത്രമായിത്തീരുകയും ചെയ്തു. പേർഷ്യൻ രാജകീയ സംരക്ഷണം നെസ്തോറിയൻ കാതോലിക്കോസിന് ഉണ്ടായിരുന്നതുമൂലം സത്യവിശ്വാസികൾ ദുർബലരായിത്തീർന്നുവെങ്കിലും അന്ത്യോഖ്യാ സിംഹാസന ബന്ധത്തിൽ പുലർന്നുവന്നു. 629 -ൽ അവർക്ക് തിഗ്രീസ് എന്ന സ്ഥലത്ത് തങ്ങളുടേതായ പ്രാദേശികാധ്യക്ഷനെ 'മഫ്രിയാന' എന്ന പേരിൽ അന്ത്യോഖ്യായിൽ നിന്നും ലഭ്യമായി. ഈ മഫ്രിയാന പിന്നീട് അനുകൂല പരിതസ്ഥിതികളിൽ കാതോലിക്കോസ് എന്നും മഫ്രിയാന എന്ന പേരിലും വൃദ്ധിക്ഷയകാലഘട്ടങ്ങളിലൂടെ 1860 വരെ നിലനിന്നു പോന്നു.

മേൽകാണിച്ച യാഥാർത്ഥ്യങ്ങളും ചരിത്ര വസ്തുതകളും ബോധപൂർവ്വം കണ്ടില്ലെന്നുഭാവിച്ച് പുതിയ ഭാഷ്യങ്ങൾ ചമക്കുവാനാണ് ഇവിടെ പരമാർശിച്ചിരിക്കുന്ന ഗുരു-ശിഷ്യന്മാർ പരിശ്രമിക്കുന്നത്. എന്നാൽ ബ.റ്റി. ഐ. വർഗ്ഗീസച്ചൻ വളരെ സുവ്യക്തമായി മലങ്കരയിൽ മെത്രാൻകക്ഷി സ്ഥാപനത്തിന്റെ ന്യൂനതകൾ സംബന്ധിച്ച് കാതോലിക്കാ സ്ഥാപനത്തിന്റെ 'വൈതരണികൾ' എന്ന പേരിൽ അവതരിപ്പിക്കുന്നുണ്ട്. അവയിൽ സുപ്രധാനമായവ ഇങ്ങനെയാണ്.

1912-ലെ കാതോലിക്കേറ്റ് മലങ്കരയിലെ മെത്രാൻ കക്ഷിയിൽ മാത്രമായി സ്ഥാപിതമായതാണ്.

സ്ഥാനഭ്രഷ്ടനായ ഒരു മുൻപാത്രിയർക്കീസാണ് ഇത് സ്ഥാപിച്ചത്.

പാത്രിയർക്കീസിനെ സഭാകാര്യങ്ങളിൽ നിന്നൊഴിവാക്കി നിർത്തുക എന്നതുമാത്രമായിരുന്നു സ്ഥാപനോദ്ദേശം.

മലങ്കര സഭാ സ്വാതന്ത്ര്യം എന്നൊരു വിഷയം അന്ന് ചിന്താ വിഷയം പോലും ആയിരുന്നില്ല.

സ്ഥാപനവേളയിൽ ഈ സ്ഥാനത്തുവരുവാൻ പോലും ആരും സന്നദ്ധരല്ലായിരുന്നു

മോർ ഈവാനിയോസ് മുറിമറ്റത്തിനെ ഹേമം ചെലുത്തിയാണ് ഈ സ്ഥാനത്തിരുത്തിയത്.

അതിനുശേഷം 13 വർഷത്തേക്ക് ഈ സ്ഥാനം അലങ്കരിക്കുവാൻപോലും ആരും സന്നദ്ധരായിരുന്നില്ല

1925 ൽ രണ്ടാം കാതോലിക്കായെ മനസ്സില്ലാ മനസ്സോടെ വാഴിച്ചെങ്കിലും അദ്ദേഹത്തിനും ഒന്നു ചെയ്യുവാൻ കഴിഞ്ഞില്ല.

വർഗീസച്ചൻ സ്വയം സമ്മതിച്ചേറ്റുപറഞ്ഞിരിക്കുന്ന മേൽകാണുന്ന യാഥാർത്ഥ്യങ്ങൾ ഈ ലേഖകനോ മറ്റാരെങ്കിലുമോ പറഞ്ഞിരുന്നുവെങ്കിൽ 'മസ്തിഷ്ക പ്രക്ഷാളനം' എന്നു പറഞ്ഞ് മെത്രാൻ കക്ഷി വൈരാഗികളായ എഴുത്തുകാർ ആക്ഷേപിക്കുമായിരുന്നു. ഇതുകൂടാതെ 1912 സ്ഥാപനം സംബന്ധിച്ച് കാനോനികമായി അനേകം സംഗതികളും ചൂണ്ടികാണിക്കുവാനുണ്ട്.

അന്ത്യോഖ്യാ പാത്രിയർക്കീസ് പരമാധ്യക്ഷനായുള്ള സഭയിലെ ഒരു പ്രാദേശികാധ്യക്ഷൻ ആണ് കാതോലിക്കോസ്/മഫ്രിയാന

ഈ സ്ഥാനം നിഖ്യാ സുന്നഹദോസിന്റെ നിർവചനത്തിന്റെ ഉള്ളിൽ നിന്നാണ് 'സുറിയാനിസഭ' എന്നും മനസ്സിലാക്കിയിട്ടുള്ളത്.

അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്നും വിട്ടുമാറിയുള്ള ഒരു സ്വതന്ത്രസ്ഥാപനമായി ഇത് വ്യാഖ്യാനിക്കുന്നത് യുക്തിഹീനമാണ്.

ഈ സ്ഥാപനം സ്ഥാപിതമായതും നാമമാറ്റം വരുത്തിയതും എല്ലാം സുന്നഹദോസ് നിശ്ചയങ്ങളിലൂടെയാണ്. (1912 സ്ഥാപനം സംബന്ധിച്ച് ഇങ്ങനെയൊന്നും ഉണ്ടായിട്ടില്ല).

ഒരു മെത്രാനെ വാഴിക്കുവാൻ പോലും പാത്രിയർക്കീസിന് രണ്ടു മെത്രാന്മാരുടെയെങ്കിലും സഹകരണം (ഭാഗികമായെങ്കിലും സുന്നഹദോസ് എന്ന വിവക്ഷ) ആവശ്യമായിരിക്കെ മുടക്കപ്പെട്ട പാത്രിയർക്കീസ് തനിച്ച് 1912-ൽ കാതോലിക്കായെ വാഴിച്ചത് അകാനോനികമാണ്.

മെത്രാൻ കക്ഷികളുടെ ശില്പിയായ വട്ടശ്ശേരിൽ തിരുമേനിപോലും ഈ വാഴ്ചയിൽ പങ്കെടുത്തില്ല.

പൗരസ്ത്യ സുറിയാനി സഭയിൽ (നെസ്തോറിയ) നിലനിന്ന കാതോലിക്കാസ്ഥാപനവും മലങ്കരയിലെ കാതോലിക്കോസും സ്ഥാനത്തിലും പദവിയിലും ഘടനയിലും തികച്ചും വിഭിന്നമാണ്.

സങ്കുചിത പ്രാദേശിക സ്വതന്ത്രവാദത്തിൽ നിന്നും വളർന്നു വരേണ്ട ഒരു പരിമിത സ്ഥാനമല്ലിത്.

കാനോനിക നിർദ്ദേശപ്രകാരം ആകമാന സഭയിൽ

സ്ഥാനവും പദവിയും ലഭ്യമായിട്ടുള്ള സ്ഥാനമാണിത്.

സാങ്കേതികമായ ഇത്തരം കാര്യങ്ങളുടെ വിശദാംശങ്ങളിലേക്കു കടക്കാതെ ബ. ജോർജ്ജ് പുലിക്കോട്ടിലച്ചൻ വർഗീസച്ചൻ ചൂണ്ടികാണിച്ച 'വൈതരണികൾ' അതിജീവിക്കുവാൻ നിർദ്ദേശിക്കുന്ന മാർഗ്ഗങ്ങളുടെ സാധുതയെക്കുറിച്ചു ചിന്തിക്കാം.

**അവ്യക്തതയുടെ മാർഗ്ഗനിർദ്ദേശം**

'1912-ലെ സ്ഥാപനം പുരാതന സെലൂക്യൻ കാതോലിക്കേറ്റോ തിഗ്രീസിലെ മഫ്രിയാനേറ്റോ ഇവ രണ്ടും ചേർന്നോ; മലങ്കരയിലെ പുനസ്ഥാപനം എന്തിന് ഏതു രീതിയിൽ എന്നിവയെല്ലാം ഇന്നും ഒപു പരിധിവരെ അവ്യക്തമാണല്ലോ' എന്ന തുറന്ന സമ്മതത്തോടെയാണ് വൈതരണികൾ മറികടക്കാനുള്ള മാർഗ്ഗങ്ങളുടെ സാധുതയെക്കുറിച്ചു ചിന്തിക്കുന്നത്. പണ്ഡിത ശ്രേഷ്ടനായ ഒരു നേതൃസ്ഥാനിയുടെ അവസ്ഥ ഇതാണെങ്കിൽ ഒരു സാഭാ മെത്രാൻ കക്ഷിക്കാരന്റെ അവസ്ഥ എന്താണെന്ന് ചിന്തിച്ചിട്ടുണ്ടോ? മെത്രാൻ കക്ഷി നേതൃത്വം സ്ഥാപിക്കുവാൻ ശ്രമിക്കുന്നത് സ്വാതന്ത്ര്യത്തിന്റെ വിഷയത്തിൽ സെലൂക്യൻ തുടർച്ചയും പൈതൃകത്തിൽ തിഗ്രീസ്യൻ തുടർച്ചയും സ്ഥാപനത്തിൽ മലങ്കരയിലെ പാത്രിയർക്കാ വിദ്വേഷവുമാണ്. ഒരു വിധത്തിലും പരസ്പരം യോജിക്കുവാൻ സാധിക്കാത്ത വൈരുദ്ധ്യങ്ങളുടെ ഒരു സങ്കലനാണ് ഈ മനോഭാവം. അതിനു നൽകുന്ന നിർവചനം 'അവ്യക്തം' എന്നാണ്. ഇത് സത്യത്തിൽ അവ്യക്തതയല്ല. അവ്യവസ്ഥതയാണ്. ഇന്നത്തെ വൈദിക സെമിനാരിയിലെ മൂശയിലൂടെ വാർത്തെടുക്കുന്ന കാതോലിക്കേറ്റ് സങ്കല്പത്തിലെ വൈരുദ്ധ്യ മൂർത്ത രൂപത്തിന്റെ കാലും ഉടലും 1912 പദാർത്ഥം കൊണ്ടായതുമൂലം കളിമണ്ണം, വെങ്കലവും കലർത്തി ഉണ്ടാക്കുന്ന ശില്പം പോലെ ശിഥില സാധ്യത വളരെ കൂടുതലാണെന്ന സത്യം മറക്കുന്ന യാഥാർത്ഥ്യത്തിന് 'അവ്യക്തത' എന്നു പേരിട്ടാൽ പരിഹാരമാവുകയില്ല.

സെലൂക്യൻ കാതോലിക്കേറ്റും തിഗ്രീസ്യൻ കാതോലിക്കേറ്റും പേരില്ലാതെ തത്ത്വത്തിൽ ഓർത്തഡോക്സ് പാരമ്പര്യത്തിൽ വിഭിന്നങ്ങളല്ല. നെസ്തോറിയൻ പാരമ്പര്യത്തിൽ സ്വതന്ത്രസ്ഥാപനമായത് വിശ്വാസവ്യതിയാനത്തിന്റെ അനന്തരഫലമായാണ്. വിശ്വാസവ്യതിയാനത്തിലായ സെലൂക്യൻ കാതോലിക്കേറ്റ് മലങ്കരയിൽ സങ്കലന സ്വഭാവത്തോടെ പുന:സ്ഥാപിച്ചു എന്ന അവകാശം നിരർത്ഥകവും ആസംബന്ധവുമാണ്. സെലൂക്യൻ നെസ്തേറി. സഭാ സങ്കൽപം ഓർത്തഡോക്സ് സഭാ സ്ഥാനിയിൽ ചേർക്കുന്നത് ഓർത്തഡോക്സ് സഭ മാർത്തോമാ സഭാഭരണഘടനയനുസരിച്ച് ഭരിക്കുന്നു എന്ന് സങ്കല്പിക്കുന്നതുപോലെയാണ്. മാത്രവുമല്ല, മെത്രാൻ കക്ഷി അവകാശപ്പെടുന്നതുപോലെ അബ്ദുൾ മ്ശിഹാപാത്രിയർക്കീസിന്റെ സ്ഥാപനകല്പനയിൽ തന്നെ പറയുന്നത് തിഗ്രീസിലെ കാതോലിക്കേറ്റ്/മഫ്രിയാനേറ്റ് മലങ്കരയിലേക്കു മാറ്റി സ്ഥാപിക്കുന്നു എന്നാണ്. അതിലുപരി ഒരു മുടക്കപ്പെട്ട അന്ത്യോഖ്യാ പാത്രിയർക്കീസിന് - സ്വന്തം സഭയിൽപോലും ഒരു ശെമ്മാശനെപോലും വാഴിക്കുവാൻ അവസരമില്ലാതിരിക്കെ സ്വന്തസഭയിലെ മഫ്രിയാനായേയോ നെസ്തോറിയ സഭയിലെ ഒരു സ്വതന്ത്ര കാതോലിക്കായേയോ മലങ്കരയിൽ നിയമിക്കുവാൻ/ മാറ്റി സ്ഥാപിക്കുവാൻ അധികാരമുണ്ടെന്ന സങ്കല്പം സകല സാമാന്യബുദ്ധിയേയും തമസ്ക്കരിക്കുന്നതിനു തുല്യമാണ്. മെത്രാൻ കക്ഷി നേതൃത്വത്തിന്റെ സ്ഥാപനകാലത്തെ പാത്രിയർക്കാവിരോധം എന്ന പരിമിത സ്ഥാപനോദേശത്തിനപ്പുറമായി ഇപ്പോൾ അവകാശപ്പെടുന്ന സ്വതന്ത്ര സെലൂക്യൻ പാരമ്പര്യം എന്നതൊക്കെ റവ. ഡോ. റ്റി. ഐ. വർഗീസ് തുറന്നു സമ്മതിക്കുന്നതുപോലെ ഒരു 'വൈതരണി' തന്നെയാണ് . റവ. ജോർജച്ചന്റെ 'അവ്യക്തതയുടെ' മാർഗദർശനം ഇരുട്ടുകൊണ്ട് ഓട്ട അടക്കുവാനുള്ള സാഹസം മാത്രമാണെന്നാണ് എന്റെ പക്ഷം.

**1934 ഭരണ ഘടനയും കാതോലിക്കേറ്റും**

1934 ഭരണഘടനവഴി മലങ്കരസഭയുടെ സമ്പൂർണ്ണ സ്വതന്ത്രസഭാദ്ധ്യക്ഷ സ്ഥാനമായി കാതോലിക്കേറ്റ് അംഗീകരിക്കപ്പെട്ടു എന്നും 1958 ലെയും 1995 ലെയും സുപ്രീംകോടതി വിധി വഴി അതു ഉറപ്പിക്കപ്പെട്ടു എന്നുമാണ് ബ. ജോർജ്ജ് പുലിക്കോട്ടിലച്ചൻ 'വൈതരണി തരണം ചെയ്യുവാനുള്ള മാർഗമായി' തറപ്പിച്ചു പറയുന്നത്. ബ. ജോർജ്ജ് അച്ചൻ ഞാൻ അറിയുന്നിടത്തോളം നല്ല വായനാശീലമുള്ള വ്യക്തിയും ത്യാജ്യഗ്രാഹ്യ ഗവേഷകബുദ്ധിയും ഉള്ള ആളുമാണ്. പിന്നെ എങ്ങനെ ഈ പ്രസ്താവന ബ. അച്ചനിൽ നിന്നും ഉണ്ടായി എന്നോർത്ത് ഞാൻ അത്ഭുതപ്പെടുകയാണ്. 1934 ഭരണഘടന ഒന്നാം വകുപ്പ് നിലനിൽക്കുന്നിടത്തോളം കാലം ഇപ്രകാരം ഒരു വാദമുഖം ഉന്നയിക്കുന്നതുതന്നെ 'വൈതരണികളുടെ' വ്യാപ്തി വർദ്ധിപ്പിക്കുന്നതാണ്. സുപ്രീം കോടതിവിധിയിൽ വ്യക്തമായി ഉറപ്പിക്കപ്പെട്ടിരിക്കുന്നത് 'മലങ്കരസഭകൂടി ഒരു ഘടകമായി ഉൾക്കൊള്ളുന്ന സുറിയാനി സഭയുടെ പരമാധ്യക്ഷനായി അദ്ദേഹം (അന്ത്യോഖ്യാ പാത്രിയർക്കീസ്) തുടരുന്നു.... ആത്മികമായി അദ്ദേഹം കാതോലിക്കായ്ക്ക് മേലേയാണ്. (He remains the Supremen Head of the Syrian Church of which Malankara Church is a division. He is spiritually superior to the Catholicose...) 'അതുപോലെ തന്നെ പാത്രിയർക്കീസ് ഭരണഘടനാനുസൃതമായ ആത്മികമേലധികാരം നഷ്ടമാക്കി എന്നും പറഞ്ഞുകൂടാ' ഇതാണ് 1995 സുപ്രീം കോടതി വിധിയുടെ ഡിക്രിയിൽ ഇക്കാര്യം സംബന്ധിച്ച് പറയുന്നത്. ഇത വഗണിച്ച് മലങ്കര സഭയ്ക്ക് - ഓർത്തഡോക്സ് വിഭാഗത്തിന് - ഒരിക്കലും 'സമ്പൂർണ്ണ സ്വതന്ത്രവാദം ' ഉന്നയിക്കുകപോലും സാധ്യമല്ല. വർഗീസച്ചൻ ഇതു തുറന്നു സമ്മതിക്കുമ്പോൾ ജോർജച്ചൻ ഇതു മറച്ചുവച്ച് പുകമറ സൃഷ്ടിക്കുക മാത്രമാണ് ചെയ്യുന്നത്. അതിലുപരി ഇന്നും വന്ദ്യ ജോർജ്ജച്ചനും വർഗീസച്ചനും ഉൾപ്പെടുന്ന മെത്രാൻ കക്ഷിക്കാർ മുഴുവനും ഒന്നാം തുബ്ദേനിൽ 'ഇഗ്നാത്തിയോസ്' പാത്രിയർക്കീസിനെ 'നമ്മുടെ അധ്യക്ഷനായി ദൈവത്താൽ നിലനിർത്തപ്പെട്ടുപോരുന്നവനെന്ന്' വിശുദ്ധ കുർബാനയിൽ ഓർത്തു പ്രാർത്ഥിക്കുമ്പോൾ അതിനു വിരുദ്ധമായി 'സമ്പൂർണ്ണ സ്വതന്ത്രകാതോലിക്കേറ്റ്' എന്നൊക്കെ ആവർത്തിക്കുന്നത് പ്രാർത്ഥനാനുഭവത്തിനുപോലും വൈതരണികൾ സൃഷ്ടിക്കുകയല്ലേ?

**മലങ്കരസഭ ഒന്നാണെന്ന് 2002 അസോസിയേഷൻ പറയുന്നത്രേ**

മലങ്കര സഭ ഒന്നാണെന്നും അതിന്റെ അധ്യക്ഷൻ മലങ്കര മെത്രാപ്പോലീത്താ ആണെന്നും 2002 അസോസിയേഷൻ വ്യവസ്ഥാപിതമാക്കി എന്നാണ് ബ. ജോർജ്ജച്ചന്റെ മറ്റൊരു വാദമുഖം. 2002 അസോസിയേഷൻ മാത്യൂസ് ദ്വിതീയൻ ബാവായുടെ മലങ്കരമെത്രാപ്പോലീത്താസ്ഥാനം സംബന്ധിച്ച തെരഞ്ഞെടുപ്പിന്റെ അസ്വീകാര്യത പരിഹരിക്കുവാനായിരുന്നു എന്നത് ബ. അച്ചൻ വളരെ സൗകര്യപൂർവ്വം വിസ്മരിച്ചിരിക്കുകയാണ്. 1995 മുതൽ നടന്ന അനുരഞ്ജനയോഗങ്ങളിൽ ഈ യാഥാർത്ഥ്യം അംഗീകരിക്കുവാൻ കാണിച്ച വൈമനസ്യമാണ് വിധിയനന്തരസഭാന്തരീക്ഷം ഇത്ര കലുഷിതമാക്കിയതെന്ന് ഇക്കാര്യങ്ങളിൽ ഇടപെട്ടിട്ടുള്ള എല്ലാവർക്കും അറിയാവുന്ന വസ്തുതയാണ്. തൽസ്ഥാനത്തുള്ള അംഗീകരണത്തിന് കൂടിയ പരുമലയോഗം നിരീക്ഷക സ്വാധീനം വഴി മലീമസമാക്കി ഏകപക്ഷീയമാക്കിയത് ചരിത്രപരമായ ഒരു വിഗതി മാത്രമാണ്. അവിടെ മറ്റൊന്നും നടന്നിട്ടില്ല എന്നതിന്റെ ഏറ്റവും വലിയ തെളിവാണ്. ദിദിമോസ് ബാവായ്ക്കെതിരായ തെരഞ്ഞെടുപ്പുകേസ്. ഈ 'വൈതരണികൾ' പരിഹരിക്കുവാൻ കൂടുതൽ അബദ്ധങ്ങളിലേക്കു ചാടാതെ യാഥാർത്ഥ്യബോധം ഉൾക്കൊള്ളുവാൻ ആഹ്വാനം ചെയ്യുന്ന പഠനങ്ങൾ ബഹുമാന്യരായ പണ്ഡിത ശ്രേഷ്ഠരിൽ നിന്നും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. മലങ്കര അസോസിയേഷനിൽ നിന്നും സ്വയം വേർപിരിഞ്ഞ് സ്വന്തമായി മറ്റൊരസോസിയേഷൻ രൂപീകരിക്കുന്നത് കേരള ഹൈക്കോടതി അംഗീകരിച്ചത് ഇതുവരെയും ഒരു ഉന്നതനീതി പീഠവും തടഞ്ഞിട്ടില്ല എന്നതും വിസ്മരിക്കരുത്.

**മലങ്കര അസോസിയേഷന്റെ സൃഷ്ടിയായ കാതോലിക്ക**

മലങ്കരയിലെ കാതോലിക്കേറ്റ് എ.ഡി. 52 മുതലുള്ള മലങ്കര സഭയുടെ വളർച്ചയിൽ ഉരുത്തിരിഞ്ഞുവന്നതും മലങ്കര അസോസിയേഷന്റെ ആവശ്യാനുസരണം മലങ്കര മെത്രാപ്പോ

ലീത്താ നടപ്പിൽ വരുത്തുകയും ചെയ്ത സ്ഥാപനമാണ് കാതോലിക്കേറ്റ് എന്നാണ് വൈതരണി പരിഹരിക്കുവാനുള്ള പുതിയ നിർവചനം. റ്റി.ഐ. വർഗീസച്ചൻ നിരത്തിവച്ച പ്രശ്നങ്ങൾക്കെല്ലാം ഉള്ള ഒരു ഒറ്റമൂലി പ്രയോഗം ആണ് പണ്ഡിതനായ ജോർജച്ചൻ നിർദേശിച്ചിരിക്കുന്നത്. വലിയ വാക്കുകളിൽ ഇന്നീ പറയുന്ന അസോസിയേഷനും ഒക്കെ നാമമാത്രമായെങ്കിലും നിലിൽവന്നിട്ട് ഒന്നര നൂറ്റാണ്ടായിട്ടില്ല എന്ന സത്യം. എ.ഡി. 52 മുതലുള്ള 'വളർച്ച' യെക്കുറിച്ചു പറയുന്നവർ മറന്നുപോകുന്നു എന്നു തോന്നുന്നു. മാത്രവുമല്ല ഈ കാതോലിക്കേറ്റിനുവേണ്ടി ഏത് അസോസിയേഷൻ എന്ന് എവിടെ അപേക്ഷിച്ചു എന്നോ 1912ൽ മലങ്കരയിലുള്ള ഏതൊക്കെ നിയമാനുസൃത മെത്രാന്മാർ യോഗം കൂടി അഭ്യർത്ഥിച്ചു എന്നോ ബ. അച്ചനു പറയുവാൻ കഴിയുമോ? മുടക്കപ്പെട്ടിരുന്നു എങ്കിലും ഈ കർമ്മത്തിന്റെ സൂത്രധാരകന്മാരിൽ പെട്ടവനായിരുന്നുവെങ്കിലും മെത്രാൻ കക്ഷിയുടെ മലങ്കരമെത്രാപ്പോലീത്താകൂടിയായിരുന്ന വട്ടശ്ശേരിൽ തിരുമേനിപോലും പങ്കെടുക്കാത്ത 'കാതോലിക്കാസ്ഥാപന' ത്തിനു ബ. അച്ചൻ നൽകിയിരിക്കുന്ന പുതിയ നിർവചനം അസ്വീകാര്യമാണോ അപഹാസ്യമാണോ എന്ന് വായനക്കാർ തന്നെ പറയട്ടെ! വീണ്ടും മലങ്കരമെത്രാപ്പോലീത്താ നടപ്പിൽ വരുത്തിയ സ്ഥാപനം എന്നൊരു അവകാശവും ഇവിടെ സൂചിതമായിട്ടുണ്ട് ഏവർക്കും അറിയാവുന്നതുപോലെ മുടക്കപ്പെട്ട അബ്ദുൾ മ്ശിഹാ പാത്രിയർക്കീസിന്റെ നടപടിയുടെ തെളിവായി A 14 കല്പന കോടതികളുടെ സാധൂകരണം ലഭിച്ചു എന്നതുതന്നെ ഇത് നടപ്പാക്കിയത് മലങ്കര മെത്രാപ്പോലീത്താ അല്ല മുടക്കപ്പെട്ട പാത്രിയർക്കീസ് ആയിരുന്നുവെന്ന് തെളിയുന്നു അസോസിയേഷനും മലങ്കര മെത്രാപ്പോലീത്തായും സഭയുടെ സമ്പൂർണ്ണ അഭിലാഷവുമായിരുന്നു ഈ സ്ഥാപനം എങ്കിൽ ഭദ്രാസന ഭരണം പോലും സ്വയം ഉപേക്ഷിച്ച് സ്വസ്ഥനായി വിശ്രമജീവിതം നയിക്കുന്ന മോർ ഈവാനിയോസിന്റെ വാർദ്ധക്യ ബലഹീനതയെ ചൂഷണം ചെയ്ത് വേഷഭൂഷിതനായി പാമ്പാക്കുടയിൽ വീണ്ടും സ്വസ്ഥനായി ഇരുത്തിയതാണോ കാതോലിക്കേറ്റിന്റെ സ്ഥാപന മഹത്വം. വീണ്ടും തൽസ്ഥാനത്ത് വൈമനസ്യത്തോടെ മറ്റൊരാളെ കണ്ടെത്താൻ 12 വർഷം കാത്തിരിക്കേണ്ടിവന്നതും ഈ സ്ഥാപനത്തിന്റെ മഹത്വ നിർവചനത്തിൽ പെടുമോ? 1958 സമാധാനവും 1964 വാഴ്ചയും ഈ സ്ഥാപനത്തിന്റെ സാർവത്രിക അംഗീകരണവുമാണ് മലങ്കരയിലെ കാതോലിക്കേറ്റിന്റെ പ്രസക്തി എന്ന സത്യം മറച്ചു വയ്ക്കുവാൻ സാധിക്കുമോ? കാതോലിക്കേറ്റിന്റെ നിർവചനം അതിന്റെ ചരിത്രപരമായ സ്ഥാപനപശ്ചാത്തലത്തിലും നിർവഹണ നിയോഗത്തിലും സഭാഘടനയുടെ നിലപാടുകളിലും നിർവചിക്കപ്പെടണം അങ്ങനെ വരുമ്പോൾ 'വൈതരണികൾ' സ്വയം ഇല്ലാതാകും. മറ്റുള്ളവരെ ബോധ്യപ്പെടുത്തുവാൻ സമയം ചിലവഴിക്കേണ്ടി വരികയുമില്ല. വഴക്കിനും കേസിനും വേണ്ടി ദുർവ്യയം ചെയ്യുന്ന വിഭവശേഷി ക്രിയാത്മകമാക്കുകയും ചെയ്യാം. ബ. പുലിക്കോട്ടിലച്ചനേപ്പോലുള്ള യുവപണ്ഡിതന്മാരുടെ സവിശേഷ ശ്രദ്ധ ഇതിലേക്കു തിരിയുവാൻ അഭ്യർത്ഥിക്കുന്നു.

**കാതോലിക്കേറ്റ് മലങ്കര സഭയ്ക്കുള്ള അംഗീകരണം**

മലങ്കരസഭ വളർന്ന് വികസനം കൊണ്ട് മുറ്റുകയും പൗരസ്ത്യദേശത്തെ സഭ നാമമാത്രമാവുകയും ചെയ്തപ്പോഴാണത്രേ കാതോലിക്കാസ്ഥാപനത്തിന്റെ ആലോചന ഉണ്ടായത്. ആയത് മദ്ധ്യ പൗരസ്ത്യ ദേശത്തെ പുനർജീവനത്തിനു നേതൃത്വം നൽകുവാനുള്ള ചുമതല ഏറ്റെടുക്കലായിരുന്നു എന്നും മലങ്കരസഭയ്ക്ക് എന്തെങ്കിലും കുറവുണ്ടായിരുന്നതു പരിഹരിക്കുകയില്ലെന്നും ബ. പുലിക്കോട്ടിലച്ചൻ വാദിക്കുന്നതുകണ്ടു. ആയതിനുള്ള അംഗീകരണമായാണ് അബ്ദുമ്ശിഹാ, (പീഡനം സഹിച്ച് പ്രവർത്തിച്ചിരുന്ന എന്നൊരു വിശേഷണവുംകൂടി ചേർത്തിട്ടുണ്ട്), പാത്രിയർക്കീസ് നിർവഹിച്ചതെന്ന വ്യാഖ്യാനവുംകൂടി ചേർത്തപ്പോൾ പുലിക്കോട്ടിലച്ചന്റെ ഭാഷ്യപ്രകാരം എല്ലാ സ്ഥാപന വൈതരണികളും പരിഹരിക്കപ്പെട്ടിരിക്കുന്നു. കാതോലിക്കേറ്റിനുള്ള പുതിയ നിർവചനമാകുന്ന ഈ എനർജിപാനീയം എടുത്ത് കുടിക്കുക. മറ്റു ഐക്യസമിതികളുടെ മുമ്പാകെ ഈ ശക്തി ഇനി കാണിച്ചാൽ മതി എല്ലാം റെഡി! ഒരു 'സർവകായബലദായക' നിർവചനത്തിന്റെ ശക്തിയുടെ അടിത്തറ വെറും കളിമണ്ണുപോലുമല്ല, നാടൻ ഭാഷയിൽ പറഞ്ഞാൽ വെറും 'കൊശചെളി' മാത്രമാണച്ചേ! കാതോലിക്കാ സ്ഥാപന കാലഘട്ടത്തിലെ (1915 മലങ്കര സഭയിലെ മെത്രാൻകക്ഷികളുടെ 'വളർച്ചയും' വികസനവും' എന്നതായിരുന്നു എന്ന് ചരിത്രബോധത്തോടെ ഒന്നു തിരിഞ്ഞു നോക്കിയാലും! വട്ടശേരിൽ തിരുമേനിയല്ലാതെ കാനോനിക പിൻതുണയുള്ള മെത്രാന്മാരെല്ലാം (അൽവാറീസ് മെത്രാച്ചന്റെ കടലാസ് പിൻതുണ ഒഴികെ) പാത്രിയർക്കീസ് പക്ഷത്ത് ! സമ്പൂർണ്ണ അസോസിയേഷൻ തെരഞ്ഞെടുത്ത കൂട്ടു ട്രസ്റ്റിമാർ രണ്ടുപേരും പാത്രിയർക്കീസിനൊപ്പം! മലങ്കര സഭ തന്നെ രണ്ടു ചേരിയായി നിൽക്കുന്നു. അബ്ദുള്ളാ പാത്രിയർക്കീസ് സഭയുടെ പരമാധ്യക്ഷനായി സഭയിലുടനീളം സ്വീകൃതനായപ്പോൾ അബ്ദുൾ മ്ശിഹാ പാത്രിയർക്കീസ് സ്ഥാന മുദ്രകൾ പോലും അണിയുവാൻ സാധിക്കാത്തവനായി 'ഒളിഞ്ഞും പാത്തും ' മലങ്കരയിൽ വരേണ്ടി വന്നു. നിരണത്തു നടന്ന വികസന വളർച്ചയെക്കുറിച്ച് 'ഗിരിദീപം' എന്ന പുസ്തകത്തിൽ എം.എ. അച്ചൻ തന്നെ എഴുതിയിട്ടുണ്ട്! ഇറാക്കിലെ അന്നത്തെ സഭ 'നാമമാത്ര' മായിരുന്നു എന്നു പറയുന്നവരുടെ ചരിത്രബോധം തെളിയിക്കുമ്പോൾ അക്കാലത്തെ പൊതു രേഖകൾ വായിച്ചു മനസിലാക്കുവാൻ ക്ഷണിക്കുന്നു. സായ്പന്മാരുടെ കൃതികൾ കൂടാതെ പുലിക്കോട്ടിൽ തിരുമേനി, പരുമല തിരുമേനി, വയലിൽ പറമ്പിൽ തിരുമേനി പിന്നീട് ഔഗേൻബാവാ കടവിൽ റമ്പാൻ എന്നിവരൊക്കെ സൂചനകൾ നൽകുന്നുണ്ട്. പുതിയ നിർവചനങ്ങൾ സൃഷ്ടിക്കുന്നതിനു മുമ്പ് ചരിത്രപരമായ വിചിന്തനങ്ങൾകൂടി നടത്തിയാൽ ഇത്തരം അബദ്ധങ്ങളിൽ വീഴാതെ രക്ഷപെടാം. കാതോലിക്കേറ്റ് സ്ഥാപിച്ചത് അവിടെയുള്ള സഭയെ സഹായിക്കുവാൻ കൂടിയാണ് എന്ന് കൂടി പറയുമ്പോൾ അവകാശവാദം പാരമ്യത്തിലെത്തിക്കുന്നു. ഈ ദൗത്യത്തിൽ 94 വർഷം കൊണ്ട് എന്തുചെയ്തു എന്നുകൂടി വിശദീകരിക്കുവാൻ നിർവചന സ്രഷ്ടാവിനുള്ള ബാധ്യത നിറവേറ്റും എന്നു വിശ്വസിക്കുന്നു. അബ്ദുൾമ്ശിഹാ പാത്രിയർക്കീസിനെ 'സത്യവിശ്വാസത്തിനുവേണ്ടി പീഡനം' സഹിച്ച ആൾ എന്നെഴുതിയവർ അദ്ദേഹം മടങ്ങിപ്പോയി റോമാ സഭയിൽ ചേർന്നതും അവരും ഉപേക്ഷിച്ചപ്പോൾ ദയറാക്കാർ പോയികൂട്ടിക്കൊണ്ടു വന്ന് ദയറായിൽ അഭയം നൽകിയതും വിസ്മരിക്കുകയാണ്. 'വൈതരണികൾ' മറികടക്കുവാനുള്ള 'വിദ്യ' ഇങ്ങനെയാണെങ്കിൽ കാതോലിക്കേറ്റിന്റെ 'ഭാവി' സുരക്ഷിതമായിരിക്കും എന്നതിനു സംശയമില്ല. സുന്നഹദോസിന്റെയും മെത്രാച്ചന്മാരുടെയും പിൻതുണയും സഹകരണവും ഒന്നും ആരും ചോദിക്കരുത് വട്ടശേരിതിരുമേനിതന്നെ പരുമലയിലിരുന്ന് 'റിമോട്ട് കൺട്രോൾ' വഴി നിരണത്തു സ്ഥാപിച്ചതൊന്നും ചോദിച്ച് അലോരസപ്പെടുത്തരുത്. ഒരു കാര്യംകൂടി ചെയ്താൽ വൈതരണികളെല്ലാം പരിഹരിക്കാം ഇതിന്റെ അനുബന്ധമായി അബ്ദുള്ള പാത്രിയർക്കീസിനെ പത്തുതെറികൂടി പറഞ്ഞാൽ മതിയാകുമോ? ജോർജച്ചന്റെ രോഷപ്രകടനം ശ്രദ്ധിക്കൂ! 'അന്ത്യോഖ്യാ സഭയാകട്ടെ അന്ന് വിശ്വാസ ത്യാഗം ചെയ്ത് നടക്കുകയും റോമാ പാപ്പായുടെ ചാരനും തുർക്കി സുൽത്താന്റെ കിങ്കരനുമായി നടക്കുന്ന ഒരു സ്ഥാനമോഹിയുടെ ദുർഭരണത്തിൻ കീഴിൽ നട്ടം തിരിയുകയുമായിരുന്നു' എനിക്കു വിശ്വസിക്കുവാൻ കഴിയുന്നില്ല, എന്റെ സഹൃദയനായ സുഹൃത്തിന്റെ വാക്കുകൾ തന്നെയാണോ ഇത്! വായനക്കാർക്ക് ഇവിടെ പറയുന്ന 'സ്ഥാനമോഹിയെ' പരിചയപ്പെടുത്താം.

1 പത്രോസ് തൃതീയൻ പാത്രിയർക്കീസിനൊപ്പം ഇംഗ്ലണ്ടിൽപോയി ആംഗ്ലിയാസഭയിൽ നിന്നും പിൻതുണ തേടി പ്രിന്റിംഗ് പ്രസ് വാങ്ങി സുറിയാനി ഫണ്ട് സമ്പാദിച്ച് സുറിയാനി ഒർത്തഡോക്സ് സഭയുടെ വിശ്വാസ ചരിത്രഗ്രന്ഥങ്ങൾ അച്ചടിച്ച് ആദ്യമായി വിതരണം ചെയ്ത മഹാപരിശ്രമശാലി. അദ്ദേഹം തയ്യാറാക്കിയ പുസ്തകങ്ങൾ മലങ്കര സഭ്യ്ക്കും അയച്ചുതന്നതു സംബന്ധിച്ച് പഴയ ഇടവക പത്രിക ലക്കങ്ങളിൽ പരാമർശമുണ്ട്

2. പാശ്ചാത്യവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മാതൃകയിൽ മധ്യ

പൗരസ്ത്യദേശത്ത് അനേക വിദ്യാലയങ്ങൾ സ്ഥാപിച്ച് സഭാംഗങ്ങളെ അഭിവൃദ്ധിയിലേക്കു നയിച്ച മഹാൻ.

3. വൈദിക വിദ്യാഭ്യാസ പദ്ധതികൾ ആവിഷ്കരിച്ച് ആയതിനുവേണ്ട പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ പരിശ്രമിച്ച ആൾ

4. മൂന്ന് പ്രാവശ്യം ഇംഗ്ലണ്ട് സന്ദർശിച്ച് രാജ്ഞി, ആർച്ച് ബിഷപ്പ് ഓഫ് കാന്റർബറി, ടർക്കി- ഇൻഡ്യൻ ബന്ധങ്ങളുടെ ചുമതലക്കാരായ ഉന്നതോദ്യോഗസ്ഥന്മാരുമായി സഭയ്ക്കു വേണ്ടി ആലോചനകൾ നടത്തിയ വ്യക്തി.

5. സഭയ്ക്കുവേണ്ടി സാമ്പത്തിക സമാഹരണം നടത്തുവാൻ സിറിയൻ പേട്രിയാർക്കേറ്റ് എഡ്യൂക്കേഷൻ സൊസൈറ്റിയെ പ്രേരിപ്പിക്കുവാൻ കഴിഞ്ഞ വ്യക്തി.

6. സിറിയൻ ഓർത്തഡോക്സ് സഭ ഏക സ്വഭാവവാദികൾ അല്ല എന്ന് ലാംബത്ത് കോൺഫ്രറൻസ് (1908) പ്രഖ്യാപിക്കുവാൻ തക്കവിധം ദൈവശാസ്ത്രജ്ഞർക്ക് ഓർത്തഡോക്സ് ദൈവശാസ്ത്രം വിശദീകരിച്ചുകൊടുത്ത വിശാരദൻ.

7. ടർക്കി സുൽത്താന്റെ സഭയോടുള്ള അപ്രീതി മാറ്റിയെടുക്കുകയും 24 ബിഷപ്പുമാരും (അക്കാലത്ത്) 2,50,000 വിശ്വാസികളുമായി സജീവ നേതൃത്വം നൽകയായിരുന്നു സഭാധ്യക്ഷൻ.

8. ഉതിലൊക്കെ ഉപരി അബ്ദുൾ മശിഹാപാത്രിയർക്കീസിനെ നീക്കയുണ്ടാക്കിയതുവഴി യാതൊരു കലക്കവും കൂടാതെ സഭയെ നയിച്ച കുർഡിഷ് ആക്രമണങ്ങളും സുൽത്താന്റെ അപ്രീതിയും ബ്രിട്ടീഷ് രാജ്ഞിയുടെയും സഭയുടേയും നഷ്ടപ്പെട്ട പ്രീതിയും സഹായവും വീണ്ടെടുത്ത വ്യക്തിയും ആയ സമർത്ഥനായ ഭരണാധികാരി.

9. മലങ്കര സഭയിലേക്കു മെത്രാപ്പോലീത്താമാരുടെ ഒഴിവു നികത്തുവാൻ തെരഞ്ഞെടക്കപ്പെട്ട വട്ടശ്ശേരിൽ മല്പാനെയും കൊച്ചുപറമ്പിൽ പൗലോസ് റമ്പാനെയും മെത്രാനായി വാഴിച്ച് മലങ്കരയിലേക്കയച്ച സഭയുടെ പരമാധ്യക്ഷൻ

10. പുലിക്കോട്ടിൽ ജോസഫ് ദിവന്നാസ്യോസ് കാലം ചെയ്തപ്പോൾ മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് വട്ടശ്ശേരിൽ തിരുമേനിയെ മുളന്തുരുത്തി സുന്നഹദോസ് നിശ്ചയപ്രകാരം അംഗീകാരം നൽകി യഥാസ്ഥാനത്താക്കിയ അന്ത്യോഖ്യാ പാത്രിയർക്കീസ്

11. വട്ടശ്ശേരിൽ തിരുമേനിയും ബോംബെയിൽ പോയി സ്വീകരിച്ച് മലങ്കരയിൽ ആനയിച്ച് മലങ്കരയിലുടനീളം രാജകീയ സ്വീകരണം നൽകി ബഹുമാനിക്കപ്പെട്ട മലങ്കര സഭയുടെ പരമാധ്യക്ഷൻ.

ഇദ്ദേഹത്തെക്കുറിച്ച് വൈദീക സെമിനാരി അധ്യാപകനും പ്രശസ്ത പണ്ഡിതനും ആയ വൈദീക ശ്രേഷ്ഠൻ വിശേഷിപ്പിക്കുന്നത് സ്ഥാന മോഹി എന്ന് പാണ്ഡിത്യ ഗിരിശൃംഗത്തിന്റെ മുകളിൽ ഗർവ് കലർന്ന നിന്ദയേക്കാൾ ആകർഷണം വിനയവും പക്വതയുമാണെന്ന് തിരച്ചറിവ് ഏവർക്കും ഉണ്ടാകുവാൻ പ്രാർത്ഥിക്കുന്നു.

ഇവിടെ ഉന്നയിക്കുന്ന മറ്റൊരു ആരോപണം അബ്ദുള്ള ബാവായുടെ റോമാ സഭാ ബന്ധമാണ്. അബ്ദുൾ മ്ശിഹായുടെ പീഢനം മൂലം സ്വന്തം ഭദ്രാസനത്തിലും സഭയിലും നിൽക്കുവാൻ നിവൃത്തിയില്ലാതെ വന്നപ്പോൾ ഫ്രഞ്ച് കോൺസലേറ്റിൽ അഭയപ്പെട്ടതും അവരുടെ സംരക്ഷണയിൽ കത്തോലിക്കാ ആശ്രമത്തിൽ ജീവിച്ചതും ഒരു യാഥാർത്ഥ്യമാണ്. അദ്ദേഹത്തിന്റെ സഭാസ്നേഹം കൊണ്ടു മാത്രമാണ് അനുകൂല പശ്ചാത്തലത്തിൽ സഭാ സേവനത്തിനായി മടങ്ങിവന്നത്. അല്ലാത്തപക്ഷം ഭൗതീകാനുകൂല്യങ്ങൾ ഏറെ ലഭ്യമാകുന്ന കത്തോലിക്കാസഭയിലേക്കു ആ ലക്ഷ്യത്തിൽ പോയ ആരെങ്കിലും മടങ്ങിവന്നതായി പറയാമോ? മെത്രാൻ കക്ഷികളുടെ നെടുംതൂണായിരുന്ന എം. എ അച്ചനും (മോർ ഈവാനിയോസ്) വാളക്കുഴി മെത്രാച്ചനും ഒക്കെ റോമാസഭയിൽ പോയിട്ട് കാതോലിക്കാ സ്ഥാനം കിട്ടുമായിരുന്നിട്ടും മടങ്ങിവരാഞ്ഞത് എന്തു സ്ഥാനമോഹിയും ധനമോഹിയും ആയതുകൊണ്ടാണ് മടങ്ങിവന്നതെങ്കിൽ ഈ മോഹവുമായി കത്തോലിക്കാ സഭയിൽ തന്നെ നിന്നാൽ മലങ്കര കത്തോലിക്കാസഭയുടെ നാലിരട്ടി ധനവും യശസ്സും സ്ഥാനവും നേടുവാൻ അബ്ദുള്ളാ ബാവായ്ക്കു സാധിക്കുമായിരുന്നു. അതെല്ലാം നിസാരമെന്ന് കരുതി സഭയെ സ്നേഹിച്ച അബ്ദുള്ള ബാവായ്ക്ക് ആ നാലാം തലമുറയിലെ കൊച്ചച്ചൻ കൊടുക്കുന്ന വിശേഷണങ്ങൾ ചാരൻ കിങ്കരൻ സ്ഥാനമോഹി എന്നെല്ലാം. 1912 ലെ വാഴ്ചയ്ക്കുശേഷം മടങ്ങിചെന്ന ഉടനെ കത്തോലിക്കാ സഭയിൽ ചേർന്ന അബ്ദുൾ മ്ശിഹായെക്കുറിച്ച് ഇദ്ദേഹം വാഴ്ത്തുന്നത്. സത്യവിശ്വാസം സംരക്ഷിക്കുന്നതിനായി പീഡനം സഹിച്ച് പ്രവർത്തിച്ചിരുന്ന പ. അബ്ദേദ് മിശിഹാ പാത്രിയർക്കീസ് എന്നുമാണ്. കക്ഷിവൈരാഗ്യം മൂലം ഉണ്ടാകുന്ന സ്ഥലജലഭ്രമം എന്നല്ലാതെ എന്തുകൊണ്ട്? ചിത്തഭ്രമബാധിതനായ അബ്ദുൾ മ്ശിഹാ പാത്രിയർക്കീസിനെ തഴഞ്ഞപ്പോൾ കുർക്കുമാദയറായിലെ സന്യാസിമാരുടെ സംരക്ഷണയിൽ അദ്ദേഹത്തെ ശുശ്രൂഷിക്കുവാൻ അനുവദിച്ച അബ്ദുള്ള പാത്രിയർക്കീസ് ചാരനും കിങ്കരനും എന്ന പ്രചരിപ്പിക്കുന്നു ദൈവം പൊറുക്കട്ടെ. അദ്ദേഹം കാലം ചെയ്തപ്പോൾ ദയറായിലെ സന്യാസിമാരുടെ കബറിൽ മാന്യമായി അടക്കുവാൻ സൗകര്യം ചെയ്ത സൗമനസ്യത്തെ മനസ്സിലാക്കുവാൻ സ്വന്തം ധനം വ്യയം ചെയ്ത് പണിയിച്ച ദൈവാലയത്തിലും സെമിത്തേരിയിലും വിശ്വാസികളുടെ മൃതശരീരം പ്രവേശിപ്പിക്കുവാൻ അനുവദിക്കാതെ തള്ളിത്താഴെയിട്ട് അനാദരവ് കാണിക്കുന്ന വികല മനസ്സും ചിന്തയുമായി നോക്കുന്നവർക്കു വ്യത്യസ്തമായി കാണുവാൻ കഴിയുകയില്ലെന്നു മനസ്സിലാക്കി ആശ്വസിക്കുന്നു.

**<u>മലങ്കരയിലെ ഒരു സീനിയർ എപ്പിസ്കോപ്പയെപ്പറ്റി</u>**

1912-ലെ കാതോലിക്കോസ് വാഴ്ചയിൽ മലങ്കരയിലെ ഒരു സീനിയർ എപ്പിസ്കോപ്പായെയാണ് പരിശുദ്ധാത്മ കൃപയാൽ തെരഞ്ഞെടുത്ത് വാഴിച്ച് അവരോധിച്ചതെന്നോർക്കുക എന്നൊരു ആത്മഗതം മുറിമറ്റം മോർ ഈവാനിയോസിനെ സംബന്ധിച്ച് രേഖപ്പെടുത്തിയിരിക്കുന്നതുകണ്ടു. പരിശുദ്ധ അബ്ദുള്ള പാത്രിയർക്കീസിന്റെ സാന്നിദ്ധ്യത്തിൽ വാർദ്ധക്യസഹജമായ അനാരോഗ്യം മൂലം കണ്ടനാട് ഭദ്രാസന ഭരണം ഒഴിഞ്ഞ്സ്വസ്ഥ ജീവിതം നയിച്ചുവന്ന മുറിമറ്റം മെത്രാച്ചനെ ഹേമം ചെലുത്തി ഈ സ്ഥാനത്ത് ഇരുത്തി വൈതരണി പരിഹരിക്കുവാൻ ജോർജ്ജച്ചൻ എത്ര നിസാരമായാണ് മാർഗം കണ്ടെത്തിയതെന്നു നോക്കു അന്നു നടന്ന ഈ അവിശുദ്ധഹേമം ചെലുത്തിയുള്ള വാർദ്ധക്യ ബലഹീനതയെ ചൂഷണം ചെയ്ത ഹീനപ്രവർത്തിയെ പരിശുദ്ധാത്മകൃപ തെരഞ്ഞെടുപ്പ് വാഴ്ച അവരോധിക്കൽ എന്നിങ്ങനെ കുറേ പദാവലികൾ യാതൊരു അടിസ്ഥാനവുമില്ലാതെ ഉപയോഗിച്ചപ്പോൾ വൈതരണികൾ എല്ലാം പമ്പകടന്നു. എന്തൊരു വൈഭവം!! ഈ സംഭവത്തിനു പിറകിൽ ആര് തെരഞ്ഞെടുപ്പ് നടത്തി ? വാഴ്ചയിലെ കാനോനിക സാന്നിധ്യം ആരുടേതൊക്കെയുണ്ട്? മലങ്കസഭയ്ക്കുവേണ്ടി അവരോധിച്ചതിൽ വട്ടശ്ശേരിൽ തിരുമേനി പോലും പങ്കെടുക്കാതിരുന്നതെന്തു കൊണ്ട്? തീർച്ചയായും ഇക്കാര്യങ്ങൾ ഒക്കെ വിശദമാക്കുവാൻ ബന്ധപ്പെട്ടവർ മുതിരേണ്ടതുണ്ട്. വിശദീകരണങ്ങളിൽ ചരിത്രസത്യങ്ങളും രേഖകളും സാക്ഷ്യം നിർത്തി അക്കാദമിക സത്യസന്ധ നിലനിർത്തുവാൻ ശ്രമിക്കേണ്ടത് കേവല മര്യാദ മാത്രമല്ലേ?

**<u>മൂന്ന് ഒന്നാകുന്ന സൂത്രം</u>**

ചരിത്രാപരമായി യാതൊരു പാരസ്പര്യവുമില്ലാത്ത രണ്ട് സ്ഥാപനങ്ങളും 20-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ മാത്രം അവകാശപ്പെട്ടു തുടങ്ങി മൂന്നാമതൊരു അവകാശവാദവും ഒന്നായിത്തീരുന്ന മുതിര തൊമര പരിപ്പ് സങ്കലന രീതിയിൽ ഡെലൂക്യൻ കാതോലിക്കേറ്റും ത്രിഗ്രിസ്യൻ മപ്രിയാനേറ്റും എ. ഡി 52 ലെ മാർത്തോമാ സിംഹാസനവും ഒന്നായിചേർന്നതാണ് 1912 കാതോലിക്കേറ്റ് എന്ന് ജോർജ്ജച്ചൻ മനസ്സിലാക്കുന്നു. മുമ്പ് വ്യക്തമാക്കിയതുപോലെ സെലൂക്യയിലെ കാനോനിക കാതോലിക്കേറ്റ് പിന്നീട് തിഗ്രീസിലും തുടർന്നത് 1860 ൽ നിർത്തലാക്കി. 1912 ലെ അകാനോനിക പുനസ്ഥാപകനായ അബ്ദുൾമ്ശിഹാതന്നെ പറയുന്നു അത് തിഗ്രീസിന്റേണെന്ന്. ആ തുടർച്ചയിലെ ദിദിമോസ് ബാവ പറയുന്നു തിഗ്രീസ്യൻ തുടർച്ചയിലെ 90-ാം സ്ഥാനിയാണെന്ന്. 488 ൽ സെല്യൂക്യയിൽ നിലനിന്ന നെസ്തോറിയ സ്വതന്ത്ര കാതോലിക്കേറ്റുമായി ഇത് സംയോജിക്കുന്നതെങ്ങനെ എന്നത് വീണ്ടും വൈതരണി യായി അവേശേഷിക്കുന്നു. മൂന്നാമത്

മാർതോമാസിംഹാസനം 52 മുതൽ ഇവിടെ ഉണ്ടെന്ന് അവകാശവാദം കൂടുതൽ വൈതരണികൾ സൃഷ്ടിക്കും. സിംഹാസനം എന്നാൽ ബഹുമാന്യ ഇരിപ്പിടം എന്നാണെങ്കിൽ വലിയ കുഴപ്പമില്ലാതെ മനസ്സിലാക്കാം. പക്ഷേ സഭാ പാരമ്പര്യത്തിൽ അപ്പോസ്തോലിക സിംഹാസനം എന്നാൽ അപ്പോസ്തോലിക പൗരോഹിത്യ പിൻതുടർച്ച ആണെന്ന് ഏവരും സമ്മതിച്ചു രേഖപ്പെടുത്തിയിരിക്കുന്നു. മലങ്കര സഭയിൽ പൗരോഹിത്യ പിൻതുടർച്ച മോർ തോമാശ്ലീഹായിൽ നിന്നും നിലവിലില്ലായിരുന്നുവെന്നും അത് അന്ത്യോഖ്യായിൽ നിന്നും ആയിരുന്നുവെന്നും വട്ടശേരിൽ തിരുമേനിപോലും അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം 'മതസംഗതി' യിൽ രേഖപ്പെടുത്തിയിരിക്കുന്നു. 'അത് മാർതോമായുടെ ദീപം കെട്ടപ്പോൾ മോർ പത്രോസിന്റെ ദീപനാളത്തിൽ നിന്നും കൊളുത്തി എടുത്തു എന്നു മാത്രം' എന്നുള്ള വ്യാഖ്യാനം ഒക്കെ വളരെ അടുത്ത കാലത്തേതാണ്. 1967 ലെ കോലഞ്ചേരി മെത്രാൻ വാഴ്ചാവസരംവെരയെങ്കിലും മലങ്കര സഭയുടെ പൗരോഹിത്യ പിൻതുടർച്ച അന്ത്യേഖ്യായിൽ നിന്നും ആയിരുന്നു എന്നുതന്നെയാണ് സഭ പഠിപ്പിച്ചിരുന്നത്. മറിച്ചുള്ള 'മൂന്നൊന്നാകൽ സൂത്രം' ഒക്കെ വെറും സൂത്രപ്പണികൾ മാത്രമായി അവശേഷിക്കും. സംശയമില്ല.

**നീലക്കുറുക്കനെ തിരിച്ചറിയുക**

ബ. ജോർജച്ചൻ പൗരസ്ത്യ കാതോലിക്കേറ്റിന്റെ മഹത്വം പ്രകീർത്തിച്ച് പ്രകീർത്തിച്ച് റോമാ അന്ത്യോഖ്യാ സിംഹാസനങ്ങൾക്കു ഈ സ്ഥാനം വലിയ ഭീഷണിയാണെന്ന സ്വരത്തിൽ 'ഈ സ്ഥാപനം വലുതാണെന്നു പറയുന്നു! ' ഈ ഔദ്ധത്യപ്രകടനം മെത്രാൻകക്ഷിയിലെ യുവവൈദികർക്കു ലഭിച്ചത് അവരുടെ പൗരോഹിത്യ ശ്രേണികളിൽ നിന്നു തന്നെയാണ്. അവരിലൊരാളുടെ 'ഫലിതം ' കാതോലിക്കാ സ്ഥാനം പാത്രിയർക്കാസ്ഥാനത്തേക്കാൾ 90 വർഷം പഴക്കമേറിയതാണെന്നായിരുന്നു! മറ്റൊരാൾ പഴയ റഷ്യയിലുൾപ്പെട്ട ഒരു കാതോലിക്കാ കോട്ടയത്തു വന്നപ്പോൾ ഒരാശംസാ പ്രസംഗത്തിൽ കാതോലിക്കായെ 'കാതോലിക്കാ പാത്രിയർക്കീസ്' എന്ന് വിളിച്ച് പ്രശംസിച്ചു. ഇത് കേട്ടപ്പോൾ ഉടൻ സ്റ്റേജിൽ ചാടി എഴുനേറ്റ് നാലു വശത്തേക്കും നോക്കി ഔന്നത്യപ്രകടനം നടത്തി! കോട്ടയം സന്ദർശിച്ച മാർപാപ്പായോട് 'ഞാൻ കോട്ടയത്തിന്റെ പാപ്പാ' ആണെന്നും പോലും കല്പിച്ച സഭയിൽ വളർന്ന വൈദികർ ഈ 'വലിയ സ്ഥാനത്തേക്കുറിച്ച്' 'ഇമ്മിണി വലിയ സ്വപ്നം' കാണുന്നതും വലിയ പ്രഖ്യാപിക്കുന്നതും മനസ്സിലാക്കാം. യഥാ രാജ! തഥാ പ്രജ എന്നാണല്ലോ പ്രമാണം! പക്ഷേ ഇവിടം കൊണ്ടവസാനിപ്പിക്കാതെ തിഗ്രീസ്യൻ പിൻതുടർച്ചയിൽ മലങ്കരയിൽ സ്ഥാപിതമായിരിക്കുന്ന പാത്രിയർക്കീസിന്റെ കീഴിലുള്ള സുറിയാനി ഓർത്തഡോക്സ് സഭയിലെ ദ്വിതീയ സ്ഥാനിയെ ആക്ഷേപിക്കുവാൻ ജോർജച്ചൻ ഉപയോഗിച്ചിരിക്കുന്ന 'നീലക്കുറുക്കൻ' എന്ന പദ പ്രയോഗം എല്ലാ സഭ്യതയുടെയും മാന്യതയുടെയും അതിർവരമ്പുകളെ അതിലംഘിക്കുന്നതായിപ്പോയി എന്ന് വ്യസനസമേതം രേഖപ്പെടുത്തട്ടെ. മുടക്കപ്പെട്ട പാത്രീയർക്കീസ് റിട്ടയർ ചെയ്ത മെത്രാച്ചനെ മലങ്കര മെത്രാപ്പോലീത്തായുടെ സാന്നിധ്യത്തില്ലാതെ വാഴിച്ചതിലെ വൈതരണികൾ 94 വർഷം കഴിഞ്ഞിട്ടും അവസാനിച്ചിട്ടില്ലാതിരിക്കെ 'മലങ്കര സഭയുടെ ആത്മീക പരമാധ്യക്ഷനായി തുടരുകയും ആത്മികമായി കാതോലിക്കായുടെ മേൽ സ്ഥാനിയായി' സുപ്രീം കോടതി നിസംശയം പ്രഖ്യാപിച്ചിട്ടുള്ള അന്ത്യേഖ്യായുടെ കാനോനിക പാത്രിയർക്കീസ് വാഴിച്ചതും മലങ്കര സഭയിലെ പാത്രിയർക്കീസ് പക്ഷത്തെ മുഴുവൻ മെത്രാപ്പോലീത്താമാരും വിശ്വാസികളും അംഗീകരിച്ച് ആദരിക്കുന്നതുമായ വ്യക്തിയെക്കുറിക്കുവാൻ ഉപയോഗിച്ചിരിക്കുന്ന ഈ വികല പ്രയോഗത്തിന്റെ അർത്ഥതലങ്ങളിൽ സ്വപക്ഷത്തെക്കുറിച്ച് ആത്മ പരിശോധന നടത്തുകയും ഭാവി എഴുത്തുകുത്തുകളിൽ കൂടുതൽ പക്വത പ്രകടിപ്പിക്കുകയും ചെയ്യും എന്ന് പ്രതീക്ഷിക്കുന്നു.

**ഉപസംഹാരം**

ബ. ജോർജ് പുലിക്കോട്ടിലച്ചൻ ഇന്നും എന്റെ പ്രിയ സ്നേഹിതനാണ്. അദ്ദേഹം പ്രകടിപ്പിച്ച ആശയങ്ങളോടല്ലാതെ വ്യക്തിയോട് യാതൊരു വിയോജിപ്പും സ്നേഹക്കുറവും ഈ മറുപടി ലേഖനം വഴി എനിക്കുണ്ടായിട്ടില്ല എന്ന് ഇവിടെ തുറന്നു രേഖപ്പെടുത്തട്ടെ. ഈ കുറിപ്പിൽ എന്തെങ്കിലും വസ്തുതാപരമായ പിശകുകൾ വന്നിട്ടുണ്ടെങ്കിൽ ആർക്കും ചൂണ്ടിക്കാണിക്കാവുന്നതാണ്. ബോധ്യപ്പെടുത്തുന്ന പക്ഷം തിരുത്തുവാനും തയ്യാറാണ്. കാതോലിക്കേറ്റ് സംബന്ധമായി 'വിശകലന പഠനങ്ങൾ' ആവശ്യമാണെന്ന് ബ. ജോർജ് അച്ചൻ തന്നെ രേഖപ്പെടുത്തിയിട്ടുള്ളതുകൊണ്ടു കൂടിയാണ് ഞാൻ ഈ സാഹസത്തിനു മുതിർന്നത്. അഭിപ്രായ വ്യത്യാസമുള്ളവർ എന്റെ കാഴ്ചപ്പാടുകൾ ആയി കണ്ടാൽ മതിയാകും. ദൈവം അനുഗ്രഹിക്കട്ടെ.

# വിശുദ്ധ ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ ആചരിച്ചു

**വർഗീസ് പാലമല**

ചിക്കാഗോ: ക്രിസ്തുവിനുവേണ്ടി രക്തസാക്ഷി മരണം വരിച്ച മോർ ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ ചിക്കാഗോ സെയ്ന്റ് ജോർജ് പള്ളിയിൽ ആഘോഷമായി ആചരിച്ചു. കൊടിയേറ്റത്തെ തുടർന്ന് നടന്ന സന്ധ്യാ പ്രാർത്ഥനയ്ക്ക് അമേരിക്കൻ ഭദ്രാസനത്തിന്റെ യൽദോ മോർ തീത്തോസ് മെത്രാപ്പോലീത്താ പ്രാധാന കാർമ്മികത്വം വഹിച്ചു. മുളന്തുരുത്തി വൈദിക സെമിനാരി മുൻ അധ്യാപകനും പ്രഗത്ഭ പ്രഭാഷകനുമായ റവ. ഫാ. ജെയിംസ് സ്കറിയ പ്രഭാഷണം നിർവഹിച്ചു.

പെരുന്നാൾ ദിവസം രാവിലെ യൽദോ മോർതീത്തോസ് മെത്രാപ്പോലീത്തായും മൂലയിൽ കുര്യാക്കോസ് കോർ എപ്പിസ്കോപ്പായും ഫാ. ജെയിംസ് സ്കറിയായും ചേർന്ന് വിശുദ്ധ മൂന്നിന്മേൽ കുർബാന അർപ്പിച്ചു. വിശുദ്ധ കുർബാനാനന്തരം അഭിവന്ദ്യ തിരുമേനി പെരുനാൾ പ്രഭാഷണം നിർവഹിച്ചു. റാസാ, ആശീർവാദം എന്നിവയെതുടർന്ന് സ്നേഹവിരുന്നും നടന്നു. ഈ വർഷത്തെ പെരുന്നാൾ ഏറ്റു നടത്തിയത് വലിയമണ്ണിൽ ജോർജ്ജും കുടുംബവും ആയിരുന്നു.

http://perunnal.shutterfly.com/ (perunnal photos)



# മെത്രാപ്പോലീത്താ സ്ഥാനത്തേയ്ക്ക് നിർദ്ദേശിക്കപ്പെട്ട വൈദിക ശ്രേഷ്ഠർ

## ഫാദർ മാത്യു പി. ജോർജ്ജ്



പത്തനംതിട്ട ജില്ലയിൽ കൂടൽ സെന്റ് പോൾസ് ഇടവകയിൽ നെടുമൺകാട് കൂടൽ പടയണിക്കൽ റ്റി. ജി ജോർജ്ജിന്റെയും കൈപ്പട്ടൂർ തയ്യിൽ പണ്ടകശാലയിൽ ഐപ്പ് സ്കറിയായുടെയും അന്നമ്മയുടെയും മകൾ ശോശാമ്മ ജോർജ്ജിന്റെയും മൂന്നാമത്തെ പുത്രനായി 1959 മെയ് 4 ന് ജനിച്ചു. കൂടൽ ഗവ. ഹൈസ്കൂൾ നിന്ന് പ്രാഥമിക വിദ്യാഭ്യാസവും, അഞ്ചൽ സെന്റ് ജോൺസ് കോളേജിൽ നിന്ന് ഡിഗ്രിയും കേരള സർവ്വകലാശാലയിൽ നിന്ന് M.Com ബിരുദവും നേടി. പി. ജി ജോയിക്കുട്ടി, പി. ജി ജോസഫ് എന്നിവർ സഹോദരങ്ങളാണ്.

അഭിവന്ദ്യ കുറിയാക്കോസ് മോർ കൂറിലോസ് തിരുമേനിയിൽ നിന്ന് ശെമ്മാശപട്ടവും, യാക്കോബ് മോർ യൂലിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് Yaphudiyakno സ്ഥാനവും അഭി. കുറിയാക്കോസ് മോർ കൂറിലോസ് തിരുമേനിയിൽ നിന്ന് കശീശ്ശാ സ്ഥാനവും സ്വീകരിച്ചു.

മഞ്ഞനിക്കരയിൽ മോർ ഇഗ്നാത്തിയോസ് ദയറായിൽ പുണ്യശ്ലോകനായ മോർ യൂലിയോസ് യാക്കൂബ് മെത്രാപ്പോലീത്തായുടെ ശിക്ഷണത്തിൽ വൈദീക വിദ്യാഭ്യാസവും പൂർത്തീകരിച്ചു. 1985 മുതൽ 88 വരെ കാലം ചെയ്ത കുര്യാക്കോസ് മോർ കൂറിലോസ് മെത്രാപ്പോലീത്തായുടെ സെക്രട്ടറിയായി പ്രവർത്തിച്ചു. 1988 ഡിസംബർ മുതൽ 1989 ആഗസ്റ്റ് വരെ മഞ്ഞനിക്കര ദയറായിൽ യാക്കൂബ് മോർ കൂറിലോസ് , ബന്യാമീൻ മോർ ഒസ്താത്തിയോസ് എന്നീ മെത്രാപ്പോലീത്താമാരുടെ സഹായിയായി സേവനം അനുഷ്ഠിച്ചു.

യാക്കോബായ സഭാ മാനേജിംഗ് കമ്മറ്റി അംഗം അടൂർ മീഖായേൽ മോർ ദിവന്ന്യാസിയോസ് ദയറാ മാനേജർ അടൂർ എം. എം. ഡി എം ഐ.റ്റി.സി പ്രിൻസിപ്പാൾ , യൂത്ത് അസോസിയേഷൻ സെൻട്രൽ കമ്മറ്റി മെമ്പർ, കൊല്ലം ഭദ്രാസന കൗൺസിൽ അംഗം, യൂത്ത് അസോസിയേഷൻ, കൊല്ലം ഭദ്രാസന കൗൺസിൽ അംഗം, യൂത്ത് അസോസിയേഷൻ, കൊല്ലം, നിരണം, തുമ്പമൺ ഭദ്രാസന സോണൽ കമ്മറ്റി അംഗം, യൂത്ത് അസോസിയേഷൻ കൊല്ലം ഭദ്രാസന വൈസ് പ്രസിഡന്റ്, കൊല്ലം , നിരണം തുമ്പമൺ ഭദ്രാസനം അക്കാഡമിക് കൗൺസിൽ അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

സെന്റ് മേരീസ് ചർച്ച്, താന്നിതോട്, സെന്റ് പീറ്റേഴ്സ് ചർച്ച് അട്ടച്ചാക്കൽ, സെന്റ് മേരീസ് ചർച്ച് വാഴമുട്ടം, സെന്റ് ജോർജ്ജ് ചർച്ച് രാജഗിരി, സെന്റ് ഇഗ്നാത്തിയോസ് ചർച്ച് കൈപ്പട്ടൂർ, സെന്റ് ജോർജ്ജ് ചർച്ച് കോന്നി, മോർ ഇഗ്നാത്തിയോസ് ചർച്ച് അടൂർ, സെന്റ് മേരീസ് ചർച്ച് കട്ടച്ചിറ, സെന്റ് പീറ്റേഴ്സ് ചർച്ച് തിരുവനന്തപുരം, സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് ചർച്ച് കൊട്ടാരക്കര, സെന്റ് പോൾസ് ചർച്ച കൂടൽ, സെന്റ് ജോർജ്ജ് ചർച്ച് വാകയാർ തുടങ്ങിയ ഇടവകകളിൽ വികാരിയായി സേവനം അനുഷ്ഠിച്ചു.

## ഫാ. എക്ബി ചാക്കോ



തൃശ്ശൂർ ജില്ലയിൽ പൈങ്ങാമുക്ക് കുന്നുകുളം സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് ഇടവകയിൽ പുലിക്കോട്ടിൽ പി.സി. ചാക്കോയുടെയും ശലോമിയുടെയും പുത്രനായി 1963 നവംബർ 12-ാം തീയതി ജനിച്ചു. കോയമ്പത്തൂരിൽ താമസമാക്കിയ ഇദ്ദേഹത്തിന്റെ കുടുംബം കോയമ്പത്തൂർ സെന്റ് മേരീസ് യാക്കോബായ ഇടവകാംഗങ്ങളാണ്. മദ്രാസ് സർവ്വകലാശാലയിൽ ബി.എ. ബിരുദം നേടിയ ശേഷം മുളന്തുരുത്തി MSOT സെമിനാരിയിലെ മൂന്നുവർഷത്തെ തിയോളജി പഠനത്തിനു ശേഷം കൊൽക്കത്ത ബിഷപ്പ് കോളജിൽ നിന്ന് (Serampur University) ൽ നിന്ന് ബി.ഡി. ബിരുദവും ബാംഗ്ളൂർ Dharmaram Vidya Kshetram എം. റ്റി.എച്ചും വിജയകരമായി പൂർത്തിയാക്കി. 1993 -ൽ ശെമ്മാശ പട്ടവും 1995 -ൽ കശ്ശീശ സ്ഥാനവും ഏറ്റു. സെന്റ് മേരീസ് ചർച്ച് കൊൽക്കത്ത, സെന്റ് മേരീസ് ചർച്ച് കോയമ്പത്തൂർ തുടങ്ങിയ ഇടവകകളിൽ വികാരിയായി സേവനമനുഷ്ടിച്ച ഇദ്ദേഹം ന്യൂഡൽഹി സെന്റ് പീറ്റേഴ്സ് കത്തീഡ്രൽ വികാരിയാണ്. കൂടാതെ ബാഹ്യകേരള ഭദ്രാസനത്തിന്റെ സെക്രട്ടറിയായി പ്രവർത്തിക്കുന്നു.

കൊൽകത്ത സെന്റ് മേരീസ് പള്ളി നിർമ്മാണത്തിന് നേതൃത്വം നൽകി. കോയമ്പത്തൂർ Equminical Fellowship ന്റെ പ്രാരംഭപ്രവർത്തകനാണ്. പ. പാത്രിയർക്കീസ് ബാവായുടെ ശ്ലൈഹീക സന്ദർശന വേളയിൽ ഡെൽഹിയിൽ നടന്ന ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി. ന്യൂ ഡെൽഹി കത്തീഡ്രൽ നിർമ്മാണത്തിൽ സജീവമായി പങ്കെടുത്തു.

### മെത്രാപ്പോലീത്താ സ്ഥാനത്തേയ്ക്ക് നിർദ്ദേശിക്കപ്പെട്ട വൈദിക ശ്രേഷ്ഠർ

# ഫാ. ഡോ. ജോർജ്ജ് മാത്യു നാലുന്നാക്കൽ



കോട്ടയം ജില്ലയിൽ, നാലുന്നാക്കൽ സെന്റ് ആദായീസ് ഇടവകയിൽ കരിപ്പാൽ പുത്തൻപുരയ്ക്കൽ, റിട്ട. സബ്റജിസ്ട്രാർ, പി. സി മാത്യുവിന്റെയും മേരിക്കുട്ടി മാത്യുവിന്റെയും മകനായി 1965 ൽ ജനിച്ചു. സെന്റ് ആദായീസ് പ്രൈമറി സ്കൂൾ, സെന്റ് ഏലിയാസ് അപ്പർ പ്രൈമറി സ്ക്കൂൾ, വാകത്താനം യരുശലേം മൗണ്ട് ഹൈസ്കൂൾ എന്നിവിടങ്ങളിൽ നിന്ന് സ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. തുടർന്ന് ചങ്ങനാശ്ശേരി എസ്.ബി കോളജിൽ നിന്ന് ആംഗലേയ സാഹിത്യത്തിൽ ബിരുദവും നേടി. സണ്ടേസ്കൂൾ പത്താം ക്ലാസ്സിൽ കോട്ടയം ഭദ്രാസനത്തിൽ ഒന്നാം റാങ്ക് വാങ്ങി, മീഖായേൽ മോർ ദിവന്നാസിയോസ് സ്വർണ്ണമെഡലിനർഹനായി. 1990 ൽ ബാംഗ്ലൂർ യൂണൈറ്റഡ് തിയോളജിക്കൽ സെമിനാരിയിൽ നിന്നും B D Ist ക്ലാസിൽ പാസ്സായതിനെ തുടർന്ന് അവിടെ തന്നെ ചർച്ച് ആന്റ് സൊസൈറ്റി വിഭാഗത്തിൽ റിസർച്ച് അസിസ്റ്റന്റായി നിയമിതനായി. 1991 പ്രോജക്ട് പൂർത്തീകരിച്ച ശേഷം മുളന്തുരുത്തി MSOT സെമിനാരിയിൽ അദ്ധ്യാപകനായി നിയമിതനായി. കാലം ചെയ്ത പുണ്യശ്ലോകകനായ പെരുമ്പള്ളി ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് തിരുമനസ്സുകൊണ്ട് പഠനപൂർത്തീകരണത്തിനുവേണ്ട അനുവാദവും പ്രോത്സാഹനവും നൽകിയിരുന്നു. ഇദ്ദേഹം രജിസ്ട്രാർ ആയി ഇരിക്കുമ്പോഴാണ് MSOT സെമിനാരിയ്ക്ക് സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ അഫിലിയേഷൻ ലഭിച്ചത്.

1992 ൽ ഇംഗ്ലണ്ടിൽ കാന്റബറി കെന്റ് യൂണിവേഴ്സിറ്റിയിൽ ഇക്കോ തിയോളജിയിൽ സുപ്രസിദ്ധ ആംഗ്ലിക്കൻ പ്രൊഫസറായ ഡോ. റോബിൻ ഹില്ലിന്റെ ഗൈഡൻസിൽ സ്കോളർഷിപ്പോടുകൂടി ഗവേഷണം നടത്തുവാൻ ഭാഗ്യം ലഭിച്ചു. മൂന്നുവർഷം കൊണ്ട് Ph.D നേടി 1995 ൽ സെമിനാരിയിൽ വീണ്ടും അദ്ധ്യാപകനായി എപ്പിസ്കോപ്പൽ സഭകളുടെ സംഘടനകളായ കേരളാ കൗൺസിൽ ഓഫ് ചർച്ചസിലും നാഷണൽ കൗൺസിൽ ഓഫ് ചർച്ചസിലും, യാക്കോബായ സഭയുടെ പ്രതിനിധിയായിരിക്കുകയും, ഔദ്യോഗികസ്ഥാനങ്ങൾ വഹിക്കുകയും ചെയ്തിട്ടുണ്ട്.

1997-98 കാലഘട്ടത്തിൽ കേരളാ കൗൺസിൽ ഓഫ് ചർച്ചസിൽ സീനിയർ ഫാക്കൽട്ടി മെമ്പറായിരുന്നു. 1998 - 2001 കാലഘട്ടത്തിൽ നാഷണൽ കൗൺസിൽ ഓഫ് ചർച്ചസിൽ മിഷൻ ആന്റ് ഇവാഞ്ചലിസം വകുപ്പിൽ എക്സിക്യൂട്ടീവ് സെക്രട്ടറിയായി. ഇപ്പോൾ CWME യുടെ (കമ്മീഷൻ ഓഫ് വേൾഡ് മിഷൻ ആന്റ് ഇവാഞ്ചലിസം) വൈസ് മോഡറേറ്ററായി പ്രവർത്തിക്കുന്നത് കൂടാതെ WCC, CCA, പ്രോ-ഓറിയന്റെ, WSCF, ദ ആംഗ്ലിക്കൻ കമ്മ്യൂണിയൻ, NCCI മറ്റു എക്യുമെനിക്കൽ സമിതികൾ എന്നിവയിൽ സഭയുടെ പ്രതിനിധിയായി പങ്കെടുത്തുവരുന്നു. കൂടാതെ സഭയുടെ ഡയലോക് കമ്മീഷൻ അംഗമായിരുന്നു.

2001 മുതൽ ബാംഗ്ലൂരിലെ യുണൈറ്റഡ് തിയോളജിക്കൽ സെമിനാരിയിൽ തിയോളജി ആന്റ് എത്തിക്സ് വകുപ്പിൽ അദ്ധ്യാപകനായിരുന്നു. കാലം ചെയ്ത പുണ്യശ്ലോകനായ യാക്കോബ് മോർ തിമോത്തിയോസിൽ നിന്ന് സുറിയാനിയും വൈദിക വിദ്യാഭ്യാസവും അഭ്യസിച്ചു. 2001 ൽ കോട്ടയം ഭദ്രാസന തോമസ് മോർ തീമോത്തിയോസിൽ നിന്ന് ശെമ്മാശപട്ടവും, 2002 -ൽ വൈദികപട്ടവും സ്വീകരിച്ചു. ഇപ്പോൾ ഇത്തിത്താനം സെന്റ് മേരീസ് യാക്കോബായ പള്ളിവികാരിയായി സേവനം അനുഷ്ഠിക്കുന്നു. പള്ളം മോർ ഇഗ്നേഷ്യസ് കൊച്ചറ സെന്റ് പീറ്റേഴ്സ്, ബാഗ്ലൂർ സെന്റ് പീറ്റേഴ്സ്, സെന്റ് പോൾസ് തുടങ്ങിയ ഇടവകകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. മോർ ആദായി സ്റ്റഡിസെന്ററിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ കൂടിയാണ് അദ്ദേഹം. ഇൻഡ്യൻ സെന്റർ ഫോർ സോഷ്യൽ ചെയ്ഞ്ച് എന്ന ചാരിറ്റബിൾ ട്രസ്റ്റിന്റെ ഡയറക്ടറായി പ്രവർത്തിച്ചുവരുന്നു. ഇതിന്റെ കീഴിൽ തീരം എന്ന പേരിൽ 7 തൊഴിൽ പരിശീലന കേന്ദ്രങ്ങളുണ്ട്. 130 ബുദ്ധി വൈകല്യമുള്ള കുട്ടികളുടെ സംരക്ഷണം ഏറ്റെടുത്തുചെയ്തുവരുന്നു.

**ബഹു. അച്ചൻ എഴുതി പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകങ്ങൾ**

1. ജീവന്റെ ആഘോഷം, 2. New Beings and New Communities. 3. Green Liberation
4. Quest for Justice. 5. Re-routing Mission, 6. സത്യവിശ്വാസപഠനങ്ങൾ
7. HIV / AIDS: A Challange to Theological Education , കാഴ്ചപ്പാടുകൾ

കൂടാതെ തിയോളജിക്കൽ ജേർണലുകളിലെ സ്ഥിരം പംക്തികളും.

സഹോദരങ്ങൾ :- ജേക്കബ് മാത്യു (ഇന്റലിജൻസ് ബ്യൂറോ, മുംബൈ) ജെയിസൺ മാത്യു (സിവിൽ എഞ്ചിനീയർ കുവൈറ്റ്), കുഞ്ഞുമറിയാമ്മ തോമസ്, ഓമന കോര, ലവ്ലി ജോർജ്ജ്., മിനി ജോഷ്വ,

# ഫാ. കുറിയാക്കോസ് ജോർജ്ജ്



എറണാകുളം ജില്ലയിൽ അങ്കമാലി ഭദ്രാസനത്തിൽ പഴന്തോട്ടം സെന്റ് മേരീസ് യാക്കോബായ സുറിയാനിപ്പള്ളി ഇടവകയിൽ ചേലകാട്ടുകുടി കുടുംബത്തിൽ ജനിച്ചു.

1970 മാർച്ച് 26 ന് ജനിച്ചു. 1992 ൽ അഭിവന്ദ്യ ഏബ്രഹാം മാർ സേവേറിയോസ് തിരുമനസ്സ്കൊണ്ട് ശെമ്മാശപട്ടവും 2000- ൽ അഭിവന്ദ്യ തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത കശ്ശീശ സ്ഥാനവും നൽകി. കോതമംഗലം എം.എ. കോളജിൽ നിന്ന് ബി.എ സോഷ്യോളജിയിൽ ഡിഗ്രി പാസ്സായി. മുളന്തുരുത്തി വെട്ടിക്കൽ സിറിയൻ ഓർത്തഡോക്സ് സെമിനാരിയിൽ തിയോളജിയിൽ ഡിപ്ലോമ എടുത്തശേഷം കൽക്കട്ട ബിഷപ് കോളജ് നിന്ന് ബിഡിയും , പൂന പേപ്പൽ സെമിനാരിയിൽ നിന്ന് തിയോളജിൽ മാസ്റ്റേഴ്സ് ഡിഗ്രിയും കരസ്തമാക്കി. പൂനാ എസ്.വി.ഡി പേപ്പൽ സെമിനാരിയിൽ നിന്ന് പാസ്റ്റർ കൗൺസലിംഗിൽ പി.ജി. ഡിപ്ലോമായും നേടി അദ്ദേഹം പൂനാ. സെന്റ് മേരീസ് യാക്കോബായ സുറിയാനിപള്ളി വികാരിയായി സേവനം അനുഷ്ഠിച്ചു. ഇപ്പോൾ മുബൈ ബൈക്കുള പള്ളി അസിസ്റ്റന്റ് വികാരിയാണ്. കാലം ചെയ്ത പുണ്യശ്ലേകനായ ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതിയൻ ബാവായുടെ സെക്രട്ടറി, കോതമംഗലം എം.എ കോളജ് സിറിയൻ ഓർത്തഡോക്സ് സ്റ്റുഡൻസ് മൂവ്മെന്റ് യൂണിറ്റ് സെക്രട്ടറി, സ്റ്റുഡന്റ്സ് ക്രിസ്ത്യൻ മൂവ്മെന്റ് പ്രസിഡന്റ്, കൊൽക്കത്ത ബിഷപ് കോളജ് സ്റ്റുഡന്റ്സ് അസോസിയേഷൻ പ്രസിഡന്റ്, പൂന Kerala Pastors Fellowhip സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു.

മുംബൈ പൂന ഹൈവേയിൽ സ്വാന്തന ചാരിറ്റബിൾ ട്രസ്റ്റിനുവേണ്ടി ഏഴ് ഏക്കർ ഭൂമി സമ്പാദിച്ചു. ഇവിടെ പ്രായാധിക്യം ചെന്നവർക്കും, മാനസിക വിഷമതകൾ നേരിടുന്നവർക്കുമായി ഒരു കേന്ദ്രം പ്രവർത്തിക്കുന്നു.

# സത്യത്തിൽ നിലനിൽക്കുന്നവർ ! സത്യം മനസ്സിലാക്കിയവർ

പഥികൻ

ഇവരിൽ ആർക്കായിരിക്കാം മുൻതൂക്കം? സത്യത്തിൽ നിലനിൽക്കുന്നവർക്കോ, സത്യം മനസ്സിലാക്കിയവർക്കോ? അന്യോന്യം ആശ്ലേഷിക്കുവാൻ ദൈവനിയോഗം പ്രാപിച്ച സമാനരാണ് ഈ രണ്ടു വിഭാഗക്കാരുമെന്നു വിശേഷിപ്പിക്കുവാൻ ഞാൻ തുനിയുകയാണ്. നീതിമാനെക്കുറിച്ച് അധികം പ്രത്യാശയുള്ള സ്വർഗ്ഗം, അനുതപിക്കുന്ന പാപിയെക്കുറിച്ച് അധികം സന്തോഷിക്കുന്നുവെന്നു നാം വായിക്കുന്നുണ്ടല്ലോ. മുഖവുര വലിച്ചുനീട്ടാതെ വിഷയത്തിലേക്കു കടക്കട്ടെ.

വിശുദ്ധസഭയുടെ മുഖ്യധാരയിൽ നിന്നും ഇടക്കാലം കൊണ്ട് മാറിനിന്നിരുന്ന സഹോദരവിശ്വാസികളിൽ പലരും ഈ നാളുകളിൽ സത്യം മനസ്സിലാക്കിയെന്ന ധൈര്യത്തോടെ പരിശുദ്ധസഭയിലേക്കു മടങ്ങിവന്നുകൊണ്ടിരിക്കുന്ന വാർത്തകൾ ദൈനംദിനമെന്നവണ്ണം നാമറിയുകയും കേൾക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. സത്യവിശ്വാസത്തിൽ ഇളക്കം കൂടാതെ നിൽക്കുവാൻ നമ്മെ ശക്തരാക്കിയ നിയന്താവിന് സ്തുതികീർത്തനങ്ങൾ അർപ്പിക്കുന്നതോടൊപ്പം, മടങ്ങിവരുന്ന സഹോദരവിശ്വാസികൾക്ക് അവരേന്തുന്ന സത്യത്തിന്റെ ദീപശിഖ ഉദ്ദീപിപ്പിക്കുവാൻ കൈത്താങ്ങലും പങ്കുവയ്ക്കുന്ന സ്നേഹവും നൽകി ദൈവതിരുനാമം മഹത്വപ്പെടുത്തുവാൻ നമുക്കു കഴിയണം. പരിശുദ്ധ സുറിയാനിസഭ സഹനത്തിന്റെ പര്യായമാണല്ലോ.

എഴുതുന്ന വിഷയമൽപ്പം സങ്കീർണ്ണമെന്നറിഞ്ഞുകൊണ്ടു തന്നെ മധുരം വിളമ്പുന്നതിനു മുതിരാതെ സത്യം വിളമ്പുവാനാണ് ഇന്നീ പഥികൻ ഒരുമ്പെടുന്നത്. നേരിട്ടു കാണാനിടയായ ഒരു സംഭവമോർക്കുന്നു. വളരെ പ്രിയങ്കരനായിരുന്ന ഒരു വൈദികൻ സുറിയാനിസഭയിൽനിന്നും മറുതലിച്ചുമാറുന്നതിനു മുമ്പേ കാട്ടിക്കൂട്ടിക്കൊണ്ടിരുന്ന വികൃതികളിലൊന്ന്: ഒരിക്കൽ ദേവലോകം-ഓർത്തഡോക്സനുഭാവിയായിരുന്ന ഒരു സുഹൃത്തിന്റെ ചെറുമകന്റെ മാമ്മോദീസായ്ക്കു ക്ഷണിച്ചതനുസരിച്ച് ഞാനും പോകയിൽ മേൽപ്പറഞ്ഞ വൈദികനേയും ക്ഷണിതാവായി അവിടെ കാണുകയുണ്ടായി. അന്ന് ക്രിയകൾ നിർവഹിച്ചത് പട്ടത്വമില്ലായെന്ന് ഞാൻ കരുതുന്ന ഒരു കോട്ടയം കാതോലിക്കായായിരുന്നതിനാൽ ആ മാമ്മോദിസാച്ചടങ്ങിന്റെ സാധുതയെക്കുറിച്ച് സുറിയാനിസഭാവിശ്വാസിയായ ഈയുള്ളവന് സന്ദേഹമുണ്ടായിരുന്നു. എന്തെങ്കിലുമാവട്ടെ. രാവിലത്തെ മാമ്മോദീസാക്രമങ്ങൾക്കുശേഷം സുറിയാനി സഭയുടെ ആരാധനാക്രമങ്ങളെ അതേപടി കോപ്പിയടിച്ച് നിറവേറ്റിയ ഒരു ക്രിയ(സുറിയാനിസഭയിൽ അതു നടന്നിരുന്നുവെങ്കിൽ വി. കുർബ്ബാനയെന്നു ഈയുള്ളവൻ കരുതിയേനെ)യുടെ ഒടുവിൽ സുറിയാനി സഭയ്ക്ക് അന്യപ്പെട്ട കാതോലിക്കായുടെ മുമ്പിൽ, തന്നെ സത്യസുറിയാനി സഭയ്ക്കുവേണ്ടി പട്ടത്വത്തിലേക്കു ജനിപ്പിച്ച ശ്രേഷ്ഠാചാര്യൻ അനുഗ്രഹിച്ചുനൽകിയ കറുത്തകുപ്പായവുമണിഞ്ഞ് ഹമ്മനീഹോയും ചാർത്തി മുട്ടുകുത്തിനിന്നുകൊണ്ട് (വി. കുർബ്ബാനയനുഭവിക്കുമ്പോൾ നിലത്തു മുട്ടുകുത്തുവാൻ പാടില്ലായെന്നാണു ഈയുള്ളവൻ പഠിച്ചിരിക്കുന്നത്) എന്റെ സുഹൃത്തായ വൈദികൻ ബലിദ്രവ്യം വായിലേയ്ക്കു സ്വീകരിക്കുന്നതുകണ്ടപ്പോൾ താൻ ഉൾപ്പെട്ടുനിൽക്കുന്ന വി. സുറിയാനിസഭയോടുള്ള അദ്ദേഹത്തിന്റെ മറുതലിപ്പുമനോഭാവത്തിന്റെ ആധിക്യം എത്രയെന്ന് ചിന്തിച്ചുപോയി. പിൽക്കാലത്ത് ഈ മറുതലിപ്പുകാരൻ ഉൾപ്പെട്ട ഒരുപിടിയാൾക്കാർ; മൂന്നു മേൽപ്പട്ടസ്ഥാനികളും കുറെ വൈദികരും അവർക്ക് ആമ്മീൻ ചൊല്ലിനിന്ന നാമധേയ വിശ്വാസികളും, സഭയിൽ നിന്നും ഉരിയപ്പെട്ടുവെന്നത് മറ്റൊരു സത്യം. പരിശുദ്ധ പിതാവിനെക്കുറിച്ച്, പാത്രിയർക്കീസിനു അപ്രമാദിത്വമില്ല എന്നു തുടങ്ങിയ ധിക്കാരപരമായ പ്രസ്താവനകളും അനുചരന്മാരെയുള്ള പഠിപ്പിക്കലുകളും നടത്തി നിഗളിച്ച വ്യക്തി ചെന്നുചേർന്നിടമെല്ലാം പാതാളമായി പരിണമിച്ചതിൽ അൽഭുതപ്പെടേണ്ടതില്ലല്ലോ. മേൽപ്പറഞ്ഞ മാമ്മോദീസാ സംഭവാനന്തരം എന്റെ സുഹൃത്തുവൈദികന്റെ നടപടിക്രമങ്ങൾ ഹേതുവായി അദ്ദേഹത്തെക്കുറിച്ച് പുഛമായി ചിന്തിക്കുവാൻ സാദാ (Ordinary) വിശ്വാസികളായ എന്നെപ്പോലെയുള്ളവർക്കു പ്രേരണയുണ്ടായെങ്കിൽ, പട്ടത്വത്തിനടുത്ത ചുമതലകളിൽ നിന്നും അങ്ങനെയുള്ളവരെ ആകമാനസുറിയാനിസഭയുടെ ശ്രേഷ്ഠപൗരോഹിത്യശ്രേണി ശപിച്ച് വിലക്കിക്കഴിഞ്ഞിട്ടും അതു കേട്ടഭാവം നടിക്കാതെ ജാഡ കാട്ടി പൂജയും ക്രിയകളും കലാപരിപാടികൾ പോലെ അരങ്ങേറ്റി സ്വയം തൃപ്തിയടയുവാൻ ശ്രമിക്കുന്നവരെ മെത്രാനെന്നോ അച്ചനെന്നോ അഭിസംബോധന ചെയ്യാൻപോലും അറച്ചു ഞങ്ങൾ നിലകൊണ്ടെങ്കിൽ, അതു ബാലിശമായ നിലപാടല്ല. പിന്നെയോ പെറ്റമ്മയേക്കാളധികം പരി. സഭാമാതാവിനെ ഉയർത്തിക്കാട്ടിയ പൈതൃകപാരമ്പര്യത്തിലൂടെ ഞങ്ങളിലേക്കു ഒഴുകിയെത്തിയ സഭയോടുള്ള വിധേയത്വം ഉള്ളിൽ കത്തിക്കാളുന്ന വിശ്വാസത്തിന്റെ ചൂടിനാൽ ഞങ്ങളിലുളവായ നിസംഗതത്വം ഇവയൊക്കെ മാത്രമാണ് നിദാനമെന്നു വ്യക്തമാക്കുവാൻ ഇത്തരുണമുപയോഗിക്കുന്നു.

"അനുസരണം ബലിയേക്കാളും, മുട്ടാടുകളുടെ മേദസ്സിനേക്കാളും ശ്രേഷ്ടമെന്ന്" പഠിച്ചതോർക്കുന്നു. വി. സഭയിൽ മാറാവ്യാധിപോലെ ശതാബ്ദങ്ങളായി നിലനിന്നുപോരുന്ന ഒരു വികലതയുണ്ട്. പട്ടത്വത്തിലേയ്ക്കു വിളിച്ചടുപ്പിക്കുന്ന (മഹാ) ശ്രേഷ്ടാചാര്യന്മാരെ വട്ടപ്പൂജ്യമാക്കുവാൻ വ്യഗ്രത പൂണ്ട കീഴ്-സ്ഥാനികൾ! അവർക്കു തോഴ്മ നിൽക്കാൻ മടിയില്ലാത്ത കുറെ നാമധേയവിശ്വാസികളും! ഇവരാണ് സഭയുടെ നിരന്തര ശാപം. ഇത് ഇന്നിന്നലെകളുടെ മാത്രമല്ല. ശതവർഷങ്ങളായി കണ്ടുവരുന്ന പ്രവണതയത്രെ.

ഒരു വസ്തുത ഉറപ്പിച്ചെഴുതട്ടെ: 'സുറിയാനി' എന്ന വാക്ക് മേൽവിലാസത്തിലും ലെറ്റർപാഡിലും, തലക്കെട്ടിലും ചേർത്തതുകൊണ്ടോ; സുറിയാനി സഭയുടെ ആചാരാനുഷ്ടാനങ്ങൾ. ആചാര്യന്മാരുടെ സ്ഥാനമാനങ്ങൾക്കടുത്ത വേഷഭൂഷാദികളും വടി/മുടി എന്നിവകളും കോപ്പിയടിച്ചതുകൊണ്ടോ; അക്ഷരങ്ങളോ വാക്കുകളോ മാറ്റി അർത്ഥഭേദം ഭവിക്കാത്ത വിധത്തിൽ പര്യായപദങ്ങൾ ചേർത്തിണക്കിയ പ്രാർത്ഥനകൾ ഉരുവിട്ടതുകൊണ്ടോ; ഗ്രന്ഥകർത്താവെന്ന വ്യാജേന പേരുമാറ്റിയിട്ടുകൊണ്ട് വി. ആകമാന സുറിയാനി സഭയുടെ ആരാധനാക്രമങ്ങളും പുസ്തകങ്ങളും അച്ചടിപ്പിച്ചിറക്കിയതുകൊണ്ടോ ഒന്നും, സത്യസുറിയാനി സഭയുടെ പൗരാണികത്വമോ വിശുദ്ധിയോ ആർജ്ജിക്കാമെന്നു ആരെങ്കിലും കരുതുന്നുണ്ടെങ്കിൽ അതു തരംതാണ സംസ്ക്കാരവും 'തറ' വ്യഗ്രതയും എന്നല്ലാതെന്തുപറയാൻ.

പൗരോഹിത്യം യഥാർത്ഥമാകണമെങ്കിൽ, പൗരോഹിത്യത്തിന്റെ നീരുറവയിൽ നിന്നും - അതായത് വി. പത്രോസിന്റെ സിംഹാസനത്തിൽ നിന്നുള്ള കൈവയ്പായിരിക്കണമെന്നുള്ളതും, സുറിയാനിസഭയുടെ പരമാധികാരിയ്ക്ക് കീഴ്വഴങ്ങി നിന്നുകൊള്ളണമെന്നുള്ളതും രണ്ട് അവിഭാജ്യഘടകങ്ങളാകുന്നു. നോക്കുക! യഥാർത്ഥകൈവയ്പ് ഒരിക്കൽ കിട്ടിയാൽതന്നേയും, തലവനോടെതിർത്താൽ ആ കൈവയ്പ് നഷ്ടപ്പെട്ട് പൗരോഹിത്യ നൽവരത്തിൽനിന്നും ഉരിയപ്പെട്ടവനായിരിക്കുമെന്ന് സുറിയാനിസഭയിലെ മെത്രാന്മാരും വൈദികരും സ്ഥാനമേൽക്കുമ്പോഴുള്ള വിശ്വാസപ്രഖ്യാപനമാകുന്ന "അമോലോഗിയായിൽ" പ്രസ്പഷ്ടമായി പ്രസ്താവിച്ചിട്ടുള്ള

താകുന്നു.

മറുചോദ്യമനുവദിക്കപ്പെടാത്ത മേൽപ്പറഞ്ഞ വസ്തുത നിരാകരിക്കുന്നവരെക്കുറിച്ച് താത്ത്വികശ്രേഷ്ഠർ ചിന്തിച്ചുറപ്പിച്ചാലും! മത്സരക്കാരുടെ കൺകെട്ടുതന്ത്രങ്ങളിലും മായാജാലങ്ങളിലും മോഹനവാഗ്ദാനങ്ങളിലും കുടുങ്ങി വീഴ്ചഭവിച്ചവർ 'വലിഞ്ഞുകയറിച്ചെന്നവരെന്നപോലെ' കണക്കാക്കപ്പെടുന്നു. മാതൃസഭയിലായിരുന്നപ്പോൾ സ്ഥാനപ്പേരിനൊപ്പമുണ്ടായിരുന്ന 'ആർച്ച്' എന്ന വാക്ക് മറുഭാഗം തുടച്ചുമാറ്റി അസിസ്റ്റന്റ് 'എന്നാക്കുക' തന്നെയല്ല മൂത്തമെത്രാന്റെ ഡ്രൈവറായി ചെറുജോലിയും കൊടുക്കുന്നു, സ്വഭവനത്തിൽ മിന്നിനടന്നവരൊക്കെ വിലാസം നഷ്ടപ്പെട്ട് മിന്നാമിനുങ്ങുകളും, മിണ്ടാപ്രാണികളുമായിത്തീരുന്നു. വിശ്വാസഗ്രന്ഥങ്ങൾ രചിച്ച് വിലസിച്ചിരുന്നവരെ സഭാമാതാവിന്റെ ഹന്താക്കളായി മാറ്റുവാൻ ആരാധനാലയങ്ങളുടെ മതിലുകൾ തകർത്ത് ഉള്ളിലേക്ക് ഇരച്ചു കയറ്റുന്ന ഗുണ്ടകളാക്കി മാറ്റുന്നു, വഴക്കും മല്ലു മുള്ളിടത്തെല്ലാം വരവുചരക്കുകളെ മുന്നണിപോരാളികളായി നിയമിക്കുന്നു (നാണംകെടാനും ചീത്ത കേൾക്കാനും സ്വന്തമായുള്ളതിനെ നിയോഗിക്കുന്നതിനേക്കാൾ ഇതെത്ര കൂശാഗ്ര(കു)ബുദ്ധി!). സഭ വിട്ട മറ്റുചില വീരന്മാർ ഒളിപ്പോരാളികളത്രെ. അണിയറയിലിരുന്നുള്ള ചരടുവലിയുടെ ചുമതലയാണവർക്ക്. കയറിപ്പറിയ്ക്കുവാൻ നിർവാഹമില്ലാതെ ഒളിച്ചും പതുങ്ങിയുമിരുന്ന് എറിഞ്ഞു വാട്ടുവാനുള്ള ശ്രമത്തിലാണു പോലും! സത്യമറിഞ്ഞു മാതൃസഭയിലേക്ക് ഈയിടെ മടങ്ങിയ ഒരു കർതൃദാസനെ അവരിലൊരാൾ വിളിച്ചു ശകാരിച്ച് ഭീക്ഷണിപ്പെടുത്തിയതായി അറിവുകിട്ടിയിട്ടുണ്ട്. ഇവരെല്ലാം വന്നു ഭവിച്ച അബദ്ധത്തിൽ നിന്നും രക്ഷപെടാനാവാതെ ഇന്നും ജാഡ കാട്ടി മറുതലിപ്പു സമരം തുടരുന്നതു കാണുമ്പോൾ 'എങ്കിലും സ്വസഹോദരങ്ങൾക്കീവിധം ഭവിച്ചല്ലോ' എന്നു മന:സ്താപപ്പെടുന്ന സഹോദരസ്നേഹികളും നമ്മുടെയിടയിലുണ്ട്. 'പത്തമ്മ ചമഞ്ഞാലും പെറ്റമ്മയാവില്ല' എന്ന സത്യം ഇവറ്റകൾ മനസ്സിലാക്കുന്ന ഒരു ദിനം വരും സോദരരേ, തീർച്ച.

ഒരു കാര്യം കൂടി ഇവിടെ ചേർത്തവസാനിപ്പിക്കട്ടെ.

മടങ്ങിവരുന്ന ഓരോ സത്യവിശ്വാസിയേയും സ്വന്തം ഭവനാംഗങ്ങളായി കാണുവാൻ നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഒപ്പം നാം സൂക്ഷ്മദൃക്കുകളായും. ആദ്യം രേഖപ്പെടുത്തിയിരിക്കുന്നതുപോലെ മാനസാന്തരപ്പെടുന്നവരെക്കുറിച്ച് സ്വർഗ്ഗം സന്തോഷിക്കട്ടെ. We should behave in such a way where they will feel that THERE IS NO PLACE LIKE HOME. We should not adopt the attitude of that big broghter of the prodigal son.

To our fellow faithfull: We value your realization of the truth. We celebrate your return to our Mother's lap. We treasure your true love and compassion towards the Holy Church. Thank you all for helping us to confirm ourselves once in the true faith.

അറ്റുപോയ ബന്ധങ്ങൾ കൂട്ടിയിണക്കി ഒരു മട്ടുപ്പാവിൻ കീഴെ നിരക്കുവാൻ, ആദ്യസ്നേഹം പങ്കുവയ്ക്കുവാൻ, വിലപ്പെട്ട വിശ്വാസമാചരിക്കുവാൻ, നമുക്കു കഴിയട്ടെ. പരിശുദ്ധ സുറിയാനിസഭ വളരട്ടെ ദൈവതിരുനാമം മഹത്വപ്പെടട്ടെ.

# സത്യവിശ്വാസ യോദ്ധാവ് – കടിയന്തുരത്തിലച്ചൻ

ബിജു കുര്യൻ മാത്യു, പുതുപ്പള്ളി.

മലങ്കര യാക്കോബായ സുറിയാനി സഭയിലെ പ്രശസ്തനായ വൈദികനും പുതുപ്പള്ളി വലിയപള്ളി വികാരിയുമായിരുന്നു ഫാ. ജീസസ് കടിയന്തുരത്തിൽ. പുതുപ്പള്ളി ഇടവകയിൽ സത്യവിശ്വാസികൾക്ക് സുധീരം നേതൃത്വം നൽകി അവരെ പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിൽ ഉറപ്പിച്ചു നിർത്തുവാൻ ബഹു. അച്ചൻ തന്റെ ജീവിതാവസാനം വരെ പോരാടി. ആ പോരാട്ടത്തിനിടയിൽ ധാരാളം കഷ്ടനഷ്ടങ്ങൾ സഹിക്കേണ്ടിവന്നു എങ്കിലും താൻ പഠിച്ചതായ സത്യ സുറിയാനി സഭയുടെ വിശ്വാസങ്ങൾ അചഞ്ചലമായി പാലിച്ച് ഇടവകാംഗങ്ങളെ വഴി നടത്തി പുതുപ്പള്ളി പള്ളി കേസുകളിൽ അച്ചൻ നേടിയെടുത്തതായ പല വിധികളും യാക്കോബായ സുറിയാനി സഭയുടെ നിലനില്പിനുതന്നെ വഴി തെളിച്ചു.



പുതുപ്പള്ളിയിലെ പുരാതന ക്രൈസ്തവ കുടുംബങ്ങളിൽ ഒന്നായ കാക്കോളിൽ കുടുംബത്തിലെ കടിയന്തുരുത്തിൽ ശാഖയിൽ കുരിയാക്കോസിന്റെയും കുഞ്ഞന്നാമ്മയുടെയും മൂന്നാമത്തെ പുത്രനായി 1915 ഓഗസ്റ്റ് 11-ാം തീയതി അച്ചൻ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം കോട്ടയം സി.എം.എസ്. ഹൈസ്ക്കൂളിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം പൂർത്തിയാക്കി.

1912 ൽ സഭയിൽ കക്ഷി വഴക്ക് ആരംഭിച്ചു എങ്കിലും പുതുപ്പള്ളി വലിയപള്ളി പാത്രിയർക്കീസ് വിഭാഗത്തിൻ കീഴിൽ നിലയുറപ്പിച്ചു. വിരലിലെണ്ണാവുന്ന ഒരു ന്യൂനപക്ഷം മെത്രാൻ വിഭാഗത്തെ അനുകൂലിച്ചു. എന്നാൽ മെത്രാൻ പക്ഷത്തിന് പുതുപ്പള്ളിയിൽ വൈദികരോ അധികാരാവകാശങ്ങളോ ഇല്ലായിരുന്നു പള്ളി ട്രസ്റ്റിയും വികാരിയും പാത്രിയർക്കീസ് പക്ഷത്ത് അടിയുറച്ചു നിന്നവരായിരുന്നു. 1920 ൽ മെത്രാൻ വിഭാഗത്തിൽ നിന്ന് കശീശാപട്ടം നേടിയ ഫാ. മാത്യൂസ് പാറേട്ട്, പള്ളി ട്രസ്റ്റിയും തന്റെ കുടുംബാംഗവുമായ നടുവിലേപ്പറമ്പിൽ കുഞ്ഞുവർക്കിച്ചനെകണ്ട് താൻ എക്കാലവും പാത്രിയർക്കീസ് പക്ഷത്ത് നിന്നോളാം എന്ന വ്യവസ്ഥയിൽ പുതുപ്പള്ളി പള്ളിയിൽ ഒരു തവണക്കായി അഭ്യർത്ഥിച്ചു. പാറേട്ടച്ചന്റെ പള്ളി പ്രവേശനം പാത്രിയർക്കീസ് വിഭാഗക്കാർ തടസ്സപ്പെടുത്തുമോ എന്ന് ഭയന്ന് ഒരു ഞായറാഴ്ച അതിരാവിലെ രഹസ്യമായി പള്ളിയിൽ കുർബ്ബാന അർപ്പിച്ചു. ട്രസ്റ്റിയുടെ ഉറപ്പിന്മേൽ പാത്രിയർക്കീസ് വിഭാഗം പാറേട്ടച്ചന്റെ പുതുപ്രവേശനത്തെ ചോദ്യം ചെയ്തില്ല . എന്നാൽ അധികം താമസിയാതെ പാറേട്ടച്ചൻ തന്റെ മെത്രാൻ പക്ഷവിധേയം പുറത്തെടുക്കുകയും പള്ളിയിൽ വ്യവഹാരങ്ങൾക്ക് തുടക്കമിടുകയും ചെയ്തു. തന്റെ ചതിപ്രയോഗത്താൽ ട്രസ്റ്റിയെ പുറത്താക്കുകയും പള്ളിയിൽ റിസീവർ ഭരണത്തിന് ആരംഭമിടുകയും ചെയ്തു. ഇക്കാലയളവിൽ പള്ളി വികാരി പടിഞ്ഞാറേക്കുറ്റച്ചൻ ദിവംഗതനാകുകയും പാറേട്ടച്ചൻ മാത്രം തവണ നടത്തുകയും ചെയ്യുന്ന സാഹചര്യമുണ്ടായി.

പാത്രിയർക്കീസ് വിഭാഗക്കാരുടെ ആത്മീയ ദിഷ്ടതികൾ നടത്തിക്കിട്ടുന്നതിന് വേണ്ടി ഇടവക പൊതുയോഗം കൂടുകയും കടിയന്തുരുത്തിൽ ഏശാവിനെ തിരഞ്ഞെടുക്കുകയും ചെയ്തു. മീഖായേൽ മോർ ദിവന്നാസ്യോസ് തിരുമേനി 1934 ൽ ശെമ്മാശപട്ടം നല്കിയതോടൊപ്പം യേശു എന്ന പുതിയ പേരും നല്കി അനുഗ്രഹിച്ചു മഞ്ഞനിക്കര ദയറായിൽ വൈദി

കപഠനം പൂർത്തിയാക്കി. എന്നാൽ കടിയന്തുരത്തിൽ ശെമ്മാശൻ പള്ളിയിൽ പ്രവേശിക്കരുത് എന്ന ഒരു വിധി പാറേട്ടച്ചൻ നേടുകയും ശെമ്മാശന്റെ പള്ളിപ്രവേശനം തടയുകയും ചെയ്തു. 1944 നവംബർ 27-ാം തീയതി ശനിയാഴ്ച അടൂർ മോർ ഇഗ്നാത്തിയോസ് പള്ളിയിൽ വച്ച് മീഖായേൽ മോർ ദിവന്നാസിയോസ് തിരുമേനി യേശുശമ്മാശനെ കശീശയായി അഭിഷേകം ചെയ്തു. പിറ്റേന്ന് പുതുപ്പള്ളി വലിയപള്ളിയിൽ പ്രവേശിച്ച് പ്രഥമ ദിവ്യബലി അർപ്പിച്ചു അന്നുണ്ടായ കോലാഹലങ്ങൾ ഇവിടെ വിവരിക്കുന്നില്ല. തുടർന്ന് നിരവധി കേസുകൾ ഉടലെടുത്തു. അച്ചന് പള്ളിയിൽ പ്രവേശനം നിഷേധിക്കപ്പെട്ടു. എന്നാൽ 1956 ൽ കേരള ഹൈക്കോടതി സഭാകേസിൽ പാത്രിയർക്കീസ് വിഭാഗത്തിന് അനുകൂലമായി വിധി പ്രസ്താവിച്ചു. തുടർന്ന് പുതുപ്പള്ളി വലിയപള്ളി മുറ്റത്ത് സ്ഥിതിചെയ്തിരുന്ന കൊച്ചുപള്ളി പുതുപ്പള്ളിയിലെ പാത്രിയർക്കീസ് പക്ഷക്കാർക്കായി അനുവദിച്ചുകിട്ടി. 1958 ൽ സഭയിൽ സമാധാനം ഉണ്ടായി എങ്കിലും പുതുപ്പള്ളിയിൽ ഇരു പള്ളികളിലായിത്തന്നെ തുടർന്നു. അന്നത്തെ സഭാനേതൃത്വം അച്ചനേയും ഇടവകാംഗങ്ങളെയും പല വിധത്തിൽ പീഢിപ്പിക്കുവാൻ തുടങ്ങി. ഇതിനു പിന്നിൽ പ്രവർത്തിച്ചത് അപ്പോഴേക്കും മെത്രാൻ സ്ഥാനം മെത്രാൻ വിഭാഗത്തിൽ നിന്ന് നേടിയ പാറേട്ട് അച്ചൻ (മാർ ഈവാനിയോസ്) ആയിരുന്നു. സ്വന്തമായി ഭരണഘടനയുള്ള പള്ളികൾക്ക് മെത്രാൻ പക്ഷം ഉണ്ടാക്കിയ 1934 ഭരണഘടന ബാധകമല്ല എന്ന സുപ്രധാന വിധി അച്ചൻ 1964 ൽ നേടിയെടുത്തു. ഇതേത്തുടർന്ന് പുതുപ്പള്ളി പള്ളിയിൽ സമാധാനം സംജാതമാക്കുവാൻ സഭാനേതൃത്വം നിർബന്ധിതരായി. കടിയന്തുരുത്തിലച്ചനെ വലിയപള്ളി ഇടവക പട്ടക്കാരനായി അംഗീകരിച്ച് 1967 ൽ വലിയപള്ളിയിൽ പ്രവേശിപ്പിച്ചു എന്നാൽ 1971 മുതൽ അച്ചനെ പീഢിപ്പിക്കാൻ ഭദ്രാസന മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ ശ്രമമാരംഭിച്ചു.

സഭാഭരണഘടന പ്രകാരം പുതുപ്പള്ളി പള്ളിയിൽ മെത്രാപ്പോലീത്താ പ്രവർത്തിക്കരുത് എന്ന വിധി സമ്പാദിക്കുവാൻ അച്ചന് സാധിച്ചു. 1972 ഓടെ സഭയിൽ കക്ഷി മത്സരങ്ങൾ വീണ്ടും ആരംഭിച്ചു. പാത്രിയർക്കീസ് പക്ഷത്തിന് നേതൃത്വം നല്കിയവരിൽ പ്രധാനി കടിയന്തുരുത്തിലച്ചൻ ആയിരുന്നു. അച്ചന്റെ 80-ാം ജന്മദിനവും പൗരോഹിത്യസുവർണ്ണ ജൂബിലിയും 1994 നവംബർ 28 ന് സമുചിതമായി ആഘോഷിക്കുകയും ഒരു സ്മരണിക പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

1999 ഏപ്രിൽ മാസത്തോടെ അച്ചന്റെ ശാരീരികാസ്വാസ്ഥ്യം വർദ്ധിക്കുകയും ആതുരാലയത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്തു. ജൂൺ മാസം 1-ാം തീയതി അച്ചൻ ഈ ലോകത്തോട് യാത്ര പറഞ്ഞു. അച്ചന്റെ ഭൗതീക ദേഹം പുതുപ്പള്ളി പള്ളിയിൽ പ്രവേശിപ്പിക്കാതിരിക്കാൻ കാതോലിക്കാ പക്ഷം പ്രവർത്തിച്ചു. ദീർഘകാലം താൻ സേവനമനുഷ്ഠിച്ച പള്ളിയിൽ ആറടി മണ്ണിനുള്ള അവകാശം നിഷേധിക്കപ്പെട്ട സാഹചര്യത്തിൽ തൃക്കോതമംഗലം സെന്റ് മേരീസ് ബേത്‌ലഹേം പള്ളിയിൽ സഭയിലെ മെത്രാപ്പോലീത്താമാരുടെയും നൂറുകണക്കിനു വൈദികരുടെയും ആയിരക്കണക്കിനു വിശ്വാസി സമൂഹത്തിന്റെയും സാന്നിദ്ധ്യത്തിൽ ഭൗതിക ശരീരം കബറടക്കി.

സത്യവിശ്വാസ സംരക്ഷണത്തിനായി തന്റെ ജീവിതാവസാനം വരെ പോരാടിയ കടിയന്തുരുത്തിലച്ചന്റെ 7-ാം ചരമവാർഷികം അനുസ്മരിക്കുന്ന ഈ സന്ദർഭത്തിൽ അച്ചൻ കാണിച്ചുതന്ന സത്യവിശ്വാസവും പരിശുദ്ധ അന്ത്യോഖ്യാ സിംഹാസന ഭക്തിയും മുറുകെപ്പിടിച്ച് മുന്നേറുവാൻ ദൈവം ഇടയാക്കട്ടെ.

# അൽമായ വേദിയും പുതുപ്പള്ളിയും പിന്നെ പുണ്യാളച്ചനും

**ബിജു കുര്യൻ പുതുപ്പള്ളി**

കാതോലിക്കാ പക്ഷത്ത് നിലവിലുള്ള പല അൽമായ സംഘടനകളിൽ (ഗ്രൂപ്പുകളിൽ), കോട്ടയം ഗ്രൂപ്പിന്റെ വകയായി ഒരു പ്രസിദ്ധീകരണം ആരംഭിച്ചിരിക്കുന്നു. അങ്ങാടിയിൽ തോറ്റതിന് അമ്മയോട് എന്ന പഴഞ്ചൊല്ല് അന്വർത്ഥമാക്കുന്നതാണ് അതിൽ വരുന്ന ലേഖനങ്ങൾ. കോട്ടയം സഭയുടെ അതിക്രമങ്ങൾ നിർത്തലാക്കാൻ നിലവിൽ വന്ന സംഘടന എന്തിനാണ് യാക്കോബായ സഭയുടെ കാര്യങ്ങളിൽ തലയിടുന്നത്? സ്വന്തം തറവാട്ടിലെ പ്രശ്നങ്ങൾ തീർത്തിട്ട്മതി കരക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കൽ (സ്വന്തം കണ്ണിലെ കോലെടുത്തിട്ട് മതി സഹോദരന്റെ കണ്ണിലെ കരട് എടുക്കൽ എന്ന ബൈബിൾ വാക്യം സ്മരിക്കുക)

1. **ഉപ്പ് തിന്നവൻ വെള്ളം കുടിക്കും. (അത്മായ വേദി ഏപ്രിൽ ലക്കം)**

പുതുപ്പള്ളിയിലെ യാക്കോബായ സഭാംഗങ്ങൾ തങ്ങളുടെ കണ്ണുനീരിൽ കുതിർന്ന പ്രാർത്ഥനയുടെ മാത്രം പിൻബലത്തിൽ, തികഞ്ഞ ദൈവാശ്രയത്തിൽ ശരണപ്പെട്ടുകൊണ്ട് പണിയുന്ന ദേവാലയത്തിന്റെ മേൽ 'ഗമാലിയേൽ' എന്ന് സ്വയം പരിചയപ്പെടുത്തുന്ന ഒരു കാതോലിക്കാ പക്ഷ മാന്യൻ ചൊരിയുന്ന ശാപ വാക്കുകൾ ആണ് മുകളിൽ കൊടുത്തിരിക്കുന്ന തലവാചകം. ഏപ്രിൽ മാസത്തിന് എത്ര ദിവസങ്ങൾ ഉണ്ട് എന്ന് പോലും അറിയാത്ത ഈ അഭിനവ ഗമാലിയേൽ (ഏപ്രിൽ 1-31 എന്നാണ് കൊടുത്തിരിക്കുന്നത്) പറഞ്ഞിരിക്കുന്നതായ കാര്യങ്ങൾ സത്യ നിഷേധവും, വാസ്തവവിരുദ്ധവും, ലജ്ജാകരവുമായിപ്പോയി.

ഉദിച്ചുയരുന്ന ചന്ദ്രനെകണ്ട് ഓലിയിടുന്ന ചിലരുടെ ജൽപ്പനങ്ങളായി ഗമാലിയേലിന്റെ പ്രസ്താവനയെ സത്യാവസ്ഥ എല്ലാവരും അറിയേണ്ടതാവശ്യമാണ്.

പൂർവ്വപിതാക്കന്മാർ പകർന്ന് നൽകിയ സത്യവിശ്വാസത്തിൽ അടിയുറച്ചു നിന്ന ഒരു സമൂഹത്തെ, യാതൊരു സാമൂഹ്യ നീതിയും പാലിക്കാതെ തങ്ങൾക്ക് കൂടി അവകാശപ്പെട്ടിരുന്ന ആരാധനാലയത്തിൽ, ആരാധനാവകാശം നിഷേധിക്കുകയും, സെമിത്തേരിയിലും അനുബന്ധ സ്ഥാപനങ്ങളിലും പ്രവേശനം നിരോധിക്കുകയും പള്ളിയുടെ പണം കട്ടുമുടിച്ച് സ്വന്തം കീശ വീർപ്പിക്കുകയും ദീർഘകാലം പള്ളി വികാരിയായിരുന്ന കടിയന്തുരുത്തിലച്ചന്റെ മൃതശരീരത്തോട് പോലും അനാദരവ് കാട്ടുകയും ചെയ്തപ്പോൾ, തങ്ങൾ കാത്തസൂക്ഷിച്ച സത്യവിശ്വാസത്തിൽ അധിഷ്ഠിതമായ ആരാധനകൾ, യഥാർത്ഥ പൗരോഹിത്യ സ്ഥാനികളെ കൊണ്ട് നിർവ്വഹിപ്പിക്കുവാൻ കണ്ടെത്തിയ സ്ഥലത്താണ് ഞങ്ങൾ ആരാധനാലയം നിർമ്മിക്കുന്നത്. കേരളത്തിൽ നിലവിലിരിക്കുന്ന കെട്ടിട നിർമ്മാണ ചട്ടങ്ങൾ പൂർണ്ണമായി പാലിച്ചുകൊണ്ട് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ എങ്ങനെയാണ് നിയമവ്യവസ്ഥയോടുള്ള വെല്ലുവിളി ആകുന്നത്? കാതോലിക്കാ വിഭാഗം പുതുപ്പള്ളിയിൽ നിർമ്മിച്ച കുരിശടി നിർമ്മിച്ചിരിക്കുന്നത് പുറമ്പോക്ക് കൈയ്യേറിയും നിയമവ്യവസ്ഥകൾ കാറ്റിൽ പറത്തിയും ആയിരുന്നു. പഴയ പള്ളി കെട്ടിടം നവീകരിച്ചതും, പുതിയ കല്ലറകൾ പണിതതും പഞ്ചായത്തിന്റെ അറിവോടെ ആയിരുന്നില്ല.

ഇത്തരം യാഥാർത്ഥ്യങ്ങൾ മറച്ച് പിടിച്ച് ഗമാലിയേൽ തന്റെ അടുത്ത ആരോപണം പുറത്തെടുക്കുന്നു. ഉണ്ണുനീലി റോഡിന്റെ പ്രവേശന കവാടം അടച്ചു എന്ന്. കേവലം പത്ത്



# പുതുപ്പള്ളി നിർമ്മാണം പൂർത്തിയായിവരുന്ന സെന്റ്. ജോർജ്ജ് പാത്രിയർക്കാ ദേവാലയം

വർഷങ്ങൾപോലും പഴക്കമില്ലാത്ത ഒരു പുതിയ റോഡാണ് ഉണ്ണുനീലി റോഡ് എന്ന് ഗമാലിയേലിന് അറിവില്ലേ? നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പള്ളിയുടെ തെക്ക് വശത്ത് കൂടികടന്നുപോകുന്ന ഇരവിനെല്ലൂർ-പുതുപ്പള്ളി റോഡിലേക്കാണ് ഉണ്ണുനീലി റോഡിന്റെ പ്രവേശന കവാടം. അത് ആരും അടയ്ക്കുകയോ, ഗതാഗതത്തിന് തടസ്സമോ ഉണ്ടാക്കിയിട്ടില്ല. എന്നാൽ പഴയ പുതുപ്പള്ളി പാലത്തിന്റെ കിഴക്ക്വശത്തുണ്ടായിരുന്ന PWD റോഡ് കാതോലിക്കാ പക്ഷം കൈയ്യേറി കാർപാർക്കിംഗ് ആക്കിയത് അധികൃതരുടെ ഒത്താശയോടെയാണ്.

വി. ഗീവറുഗീസ് സഹദായുടെ ആവസകേന്ദ്രം പുതുപ്പള്ളിയാണോ? അപ്രകാരമായിരുന്നെങ്കിൽ , പള്ളി കെട്ടിടം നവീകരിക്കാൻ കേരളത്തിലെ പ്രശസ്തനായ ഒരു നമ്പൂതിരിയെ കൊണ്ട് പ്രശ്നം വയ്പ്പിച്ചത് എന്തിനാണ്. ഏതോ ഒരു ജ്യോത്സ്യൻ പറഞ്ഞു എന്ന് പറഞ്ഞ് കൊച്ചുപള്ളി ബുൾഡോസർ വച്ച് ഇടിച്ചു നിരത്തിയത് എന്തിനാണ്? വൈദികർ ഉൾപ്പെടെയുള്ള പൂർവ്വീകരുടെ കബറിടത്തിന് മുകളിലൂടെ ബുൾഡോസർ കയറ്റിയിറക്കിയത് എന്തിന്? സഹദായുടെ വാസം പുതുപ്പള്ളിയിലാണെങ്കിൽ ഇടപ്പള്ളി കരിങ്ങാച്ചിറ, അരുവിത്തുറ, എടത്വാ തുടങ്ങി കേരളത്തിലെ പ്രശസ്ത ദേവലായങ്ങളും, ചന്ദനപ്പള്ളിയുൾപ്പെടെയുള്ള കാതോലിക്കാ വിഭാഗത്തിലെ പള്ളികളും , ലോകത്ത് നിലവിലുള്ള മറ്റ് ഗീവറുഗീസ് സഹദായുടെ നാമത്തിലുള്ള ദേവാലയങ്ങളിലും വിശുദ്ധന്റെ ആവസമില്ലെ? ഇനി നിങ്ങൾ പറയുന്ന ആവാസം വാദത്തിനുവേണ്ടി സമ്മതിച്ചാൽ "ആവാസ കേന്ദ്രത്തിൽ കാതോലിക്കാ പക്ഷ അനുയായികൾ കാട്ടിക്കൂട്ടിയ, കാട്ടിക്കൂട്ടുന്ന അതിക്രമങ്ങളും, ദ്രോഹങ്ങളും, ചതിവും വഞ്ചനയും, കള്ളത്തരങ്ങളും, കീശവിർപ്പിക്കലുമൊന്നും അഭിനവ ഗമാലിയേൽ അറിഞ്ഞില്ലാ എന്നുണ്ടോ"? ദൈവത്തേക്കാൾ അന്ധവിശ്വാസങ്ങളേയും, അനാചാരങ്ങളേയും സ്നേഹിക്കുകയും, അത് ആചരിക്കുകയും ചെയ്യുന്നിടത്ത് ഏതെങ്കിലും പരിശുദ്ധന്മാരുടെ ആവാസം ഉണ്ടാകുമോ?

ഇതൊക്കെ പറഞ്ഞത് ഗമാലിയേലിനെ വിഷമിപ്പിക്കാനല്ല. എഴുതുന്നതിൽ എന്തെങ്കിലും സത്യം കാണണം സത്യാവസ്ഥകൾ അറിയുന്നില്ലായെങ്കിൽ എന്തെങ്കിലും അന്വേഷിക്കാനുള്ള വിവേകമെങ്കിലും കാണിക്കണം.

"അൽമായ വേദിയുടെ പത്രം" കൂടുതൽ വിൽക്കുക എന്ന സ്വാർത്ഥ ലാഭത്തിന് വേണ്ടി 'ഗമാലിയേൽ' നടത്തിയ അബദ്ധ ജടിലമായ പ്രസ്താവനകൾ വി. സഹദയുടെ മധ്യസ്ഥ പ്രാർത്ഥനമൂലം ദൈവം ക്ഷമിക്കട്ടെ എന്നാണ് ഞങ്ങളുടെ പ്രാർത്ഥന. പുതുപ്പള്ളിയിൽ സത്യവിശ്വാസികൾ ഒരു ആരാധനാലയം പണിയാൻ ഇടയായത് കാതോലിക്കാ പക്ഷത്തിന്റെ പ്രവർത്തനം മൂലമാണ്. ഈ സാഹചര്യം സൃഷ്ടിച്ച കാതോലിക്കാ പക്ഷം വെള്ളം കുടിക്കും

**2. പുതുപ്പള്ളി പെരുന്നാൾ നിർത്തലാക്കുവാൻ ശ്രമിച്ച സഭാ സ്ഥാനികൾ**

'അൽമായ വേദി' എഡിറ്റോറിയൽ ബോർഡ് വകയാണ് ഈ ആരോപണം പ. പത്രോസ് തൃതീയൻ ബാവാ, പ. അബ്ദുള്ള ബാവാ എന്നീ പാത്രിയർക്കീസ് ബാവാമാരും ഇപ്പോഴത്തെ കാതോലിക്കാ പക്ഷ ഇടവക മെത്രാപ്പോലീത്തായും പെരുന്നാളുകളും അനുബന്ധ ചടങ്ങുകളും നിർത്തലാക്കാൻ പരിശ്രമിച്ചു എന്നാണ് വാർത്ത. കാതോലിക്കാ പക്ഷ മെത്രാച്ചന്റെ നിലപാട് അദ്ദേഹത്തോട് തന്നെ ചോദിക്കുക. ഒന്നുമില്ലാ എങ്കിൽ നിങ്ങളുടെ ഒരു പാവം മെത്രാച്ചനല്ലേ?

ചെറിയമഠത്തിലച്ചൻ എഴുതിയ 'പുതുപ്പള്ളി പള്ളി ചരിത്രം' പറയുന്നതിപ്രകാരമാണ്. മുമ്പ് പെരുന്നാൾ ദിവസത്തെ പ്രദക്ഷിണം ആരംഭിച്ചിരുന്നത് പടിഞ്ഞാറെകുറ്റ് നിന്നാണ്. പള്ളിയിലെ പ്രദക്ഷിണ സാമാനങ്ങളും, വൈദികരുടെ കാപ്പയുൾപ്പടെയുള്ള തിരുവസ്ത്രങ്ങളും പടിഞ്ഞാറെകുറ്റ് കൊണ്ടുവയ്ക്കും. വൈദീകർ പടിഞ്ഞാറെകുറ്റ് ചെന്ന് ഇട്ടുകെട്ടി പ്രദിക്ഷണം (അങ്ങാടി ചുറ്റി) നടത്തും. ഇത് പത്രോസ് ബാവാ നിർത്തലാക്കി. പിന്നീട് കുറെ വർഷങ്ങൾക്ക് ശേഷം പുലിക്കോട്ട് തിരുമേനിയുടെ അനുവാദത്തോടെ പ്രദക്ഷിണം ആരംഭിച്ചു. പെരുന്നാൾ നടത്തുന്നത് തെറ്റാണ് എന്നാരും പറഞ്ഞിട്ടില്ല. എന്നാൽ അതിന്റെ ഭാഗമായി നടത്തുന്ന അനാചാരങ്ങൾ നിർത്തലാക്കപ്പെടേണ്ടതുതന്നെയാണ് ഉദാഹരണം:- കോഴിവെട്ട്. ഭക്തജനങ്ങൾക്ക് നൽകാൻ കോഴിയെ പാകം ചെയ്ത് കൊടുക്കുന്നത് തെറ്റല്ല. എന്നാൽ കോഴിവെട്ട് നടത്തുകയും, രക്തം അവിടെ ചൊരിയുകയും ചെയ്യുന്നത് നിർത്തപ്പെടേണ്ടതല്ലേ? വടക്ക് ചില പള്ളികളിൽ 'ചാരായ നേർച്ച' എന്ന ആചാരം ഉണ്ടായിരുന്നു. എന്നാൽ പിൽക്കാലത്ത് അത് നിർത്തലാക്കി. പ. പത്രോസ് ബാവാ അനാചാരങ്ങൾ നിർത്തലാക്കി എങ്കിൽ അതിൽ എന്ത് തെറ്റിരിക്കുന്നു. പ. അബ്ദുള്ള ബാവായെ കുറിച്ച് ആരോപണം കേൾക്കുന്നത് ഇതാദ്യമാണ്. കക്ഷി വൈര്യം മൂത്താൽ എന്തുമാകും എന്നാണോ?

**3) വി. ഗീവറുഗീസ് സഹദാ തിരുശേഷിപ്പ്**

1916 ൽ വട്ടശേരിൽ തിരുമേനി യറുശലേം യാത്ര നടത്തിയപ്പോഴാണത്രെ തിരുശേഷിപ്പ് ലഭിച്ചത് എന്ന് 2004 മുതൽ കാതോലിക്കാ പക്ഷം പറയുന്നു. ഇത് ശുദ്ധ നുണയാണ്. കാരണം 1916 ൽ വട്ടശ്ശേരിൽ തിരുമേനി യറുശലേമിൽ പോയില്ല എന്നത് തന്നെ. കാലം ചെയ്ത ഔഗേൻ ബാവ 1967 ൽ പെരുമ്പള്ളിൽ സഹദാ തിരുശേഷിപ്പ് സ്ഥാപിക്കുകയും അവിടെ അത്ഭുതങ്ങൾ നടന്നപ്പൾ പാറേട്ട് എഴുതി "സഹദായുടെ ശരീരം കഷണങ്ങളായി വെട്ടി നുറുക്കിയതാണ്. അങ്ങനെയെങ്കിൽ അതിൽ നിന്ന് അസ്ഥി എങ്ങനെ കിട്ടും". ഇത് പാറേട്ടിന്റെ ആരോപണമാണെങ്കിൽ കൂടി ഇതിന്റെ മറുപടി എന്താണ്? അത്മായവേദി മറുപടി പറയാമോ?

അടിസ്ഥാന രഹിതമായ ആരോപണങ്ങൾ ഉന്നയിച്ച് പുകമറ സൃഷ്ടിക്കാൻ കാതോലിക്ക പക്ഷ അത്മായവേദി നടത്തുന്ന ശ്രമങ്ങൾ നിർത്തണം. ഇനിയെങ്കിലും സ്വന്തപക്ഷത്ത് നടക്കുന്ന അതിക്രമങ്ങൾ കണ്ട് അതിനെതിരെ പ്രതീകരിക്കുക.

# ഡാൻ ബ്രൗണിന്റെ വികൃതചിന്തകൾ

**ബെന്നി പുന്നത്തറ**

'ഡാവിൻചി കോഡ്' എന്ന ഡാൻ ബ്രൗണിന്റെ നോവൽ ഇതിനകം 40 ദശലക്ഷത്തിലധികം കോപ്പികൾ വിവിധ ഭാഷകളിലായി വിറ്റഴിഞ്ഞു. നമ്മുടെ മലയാള ഭാഷയിലും ഈ പുസ്തകത്തിന്റെ വിവർത്തനം വിൽപനയ്ക്ക് തയ്യാറായിട്ടുണ്ട്. എന്താണ് ഈ പുസ്തകത്തിന്റെ പ്രചാരത്തിനും പ്രചാരണത്തിനും പിന്നിലുള്ളത് എന്നറിയുമ്പോഴാണ് ഇതൊരു വലിയ ഗൂഢാലോചനയാണെന്ന് നാം തിരിച്ചറിയുക. ആശയങ്ങളുടെ വൈശിഷ്ട്യമോ ആഖ്യാനത്തിന്റെ ഭംഗിയോ ആഖ്യാതാവിന്റെ പ്രശസ്തിയോ ഒന്നുമല്ല ഡാവിൻചികോഡിനെ ബെസ്റ്റു സെല്ലറാക്കിയത്. ലോകത്തെ എക്കാലത്തെയും ബെസ്റ്റ് സെല്ലർ - ബൈബിൾ തന്നെ.യാണ്. ആ ബൈബിൾ ഒരു തട്ടിപ്പാണെന്നും സഭയെന്നു പറയുന്നത് ഒരു ഗൂഢാലോചനാസംഘമാണെന്നും പ്രതിപാദിക്കുന്നതുകൊണ്ടാണ് അനേകർ ഇതിന് വലിയ പബ്ലിസിറ്റി കൊടുത്ത് പ്രചരിപ്പിച്ചത്. അതായത് സഭയെയും ക്രിസ്തീയ വിശ്വാസത്തെയും തകർക്കുവാനുള്ള ഒരു ആസൂത്രിത നീക്കത്തിന്റെ ഭാഗമാണ് ഡാവിൻചി കോഡും അതിനു നൽകുന്ന ടി.വി. സിനിമാ ആവിഷ്ക്കാരങ്ങളും.

യേശു മഗ്ദലേനമറിയത്തെ വിവാഹം കഴിച്ചുവെന്നും തന്റെ പിൻഗാമിയായി സഭയെ നയിക്കുവാൻ നിയമിച്ചിരുന്ന മഗ്ദനലേനയിൽ നിന്ന് പത്രോസ് ശ്ലീഹാ അധികാരം തട്ടിയെടുത്തെന്നും ഡാൻ ബ്രൗൺ തന്റെ നോവിൽ രേഖപ്പെടുത്തിയിരിക്കുന്നു. യേശുവിന്റെ ക്രൂശുമരണത്തിനുശേഷം, ഗർഭിണിയായ മഗ്ദലേന ഫ്രാൻസിലേക്ക് ഓടി രക്ഷപെട്ടുവെന്നും അവിടെവച്ച് ജന്മം നൽകിയ പെൺകുഞ്ഞിലൂടെ യേശുവിന്റെ വിശുദ്ധ രക്തത്തിന്റെ പിൻതുടർച്ച തടസ്സമില്ലാതെ ചരിത്രത്തിൽ തുടർന്നുകൊണ്ടിരിക്കുന്നുവെന്നും ഈ വലിയ സത്യത്തിന്റെ സൂക്ഷിപ്പുകാരനായ 'പ്രയറി ഓഫ് സയൺ' എന്ന രഹസ്യസംഘത്തിലെ അംഗമായിരുന്ന പ്രശസ്ത ചിത്രകാരനായ ലിയണാർഡോ ഡാവിൻചി. അദ്ദേഹം വരച്ച 'അന്ത്യ അത്താഴം' എന്ന പ്രശസ്ത ചിത്രത്തിൽ യേശുവിന്റെ അടുത്തിരിക്കുന്നത് പ്രിയശിഷ്യനായ യോഹന്നാൻ അല്ല, മറിച്ച് മഗ്ദലനാമറിയമായിരുന്നു. ഇതൊക്കെയാണ് ഡാൻ ബ്രൗണിന്റെ കണ്ടുപിടിത്തങ്ങൾ. ഒരു വശത്ത് ഇതൊരു നോവലാണെന്നു പറയുന്നുണ്ടെങ്കിലും മറുവശത്ത് ഇതെല്ലാം ചരിത്രരേഖകളാണെന്നു സ്ഥാപിക്കുവാനും ശ്രമിക്കുന്നു. വാസ്തവത്തിൽ ഏതൊരു സാമാന്യബുദ്ധിയുള്ള വ്യക്തിക്കും തിരിച്ചറിയുവാൻ പറ്റുന്ന അബന്ധങ്ങളും അസക്യങ്ങളുമാണ് ഈ ഗ്രന്ഥത്തിലുള്ളത്.

എ.ഡി. 325 ലെ നിഖ്യാ സൂനഹദോസിനുമുമ്പ് ആരും യേശുവിന്റെ ദൈവീകതയെ അംഗീകരിച്ചിരുന്നില്ലെന്നും കോൺസ്റ്റൻന്റൈയിൻ ചക്രവർത്തിയാണ് നാലാം നൂറ്റാണ്ടിൽ യേശുവിനെ ദൈവമാക്കിയതെന്നും ഡാൻ ബ്രൗൺ പറയുമ്പോൾ അതിനെ അറിവില്ലായ്മയായി മാത്രമേ നമുക്കു കാണാൻ കഴിയൂ. കാരണം നാലാം നൂറ്റാണ്ടിനു മുമ്പ് തന്നെ ക്രിസ്തുമതം റോമാസാമ്രാജ്യം മുഴുവനും വ്യാപിച്ചു കഴിഞ്ഞിരുന്നു. യേശു ദൈവപുത്രനാണെന്നു അവകാശപ്പെട്ടതുകൊണ്ടു തന്നെയാണ് യഹൂദപ്രമാണിമാർ അവിടുത്തെ വധിക്കുവാൻ ഉദ്യമിച്ചതുതന്നെ. യേശു ദൈവവും കർത്താവുമാണെന്ന് പ്രഘോഷിച്ചതുകൊണ്ടാണ് അപ്പോസ്തോലന്മാരെല്ലാവരും പീഡിപ്പിക്കപ്പെട്ടതും കൊല ചെയ്യപ്പെട്ടതും. ഒന്നാം നൂറ്റാണ്ടിൽ എഴുതപ്പെട്ട സുവിശേഷങ്ങളെല്ലാം യേശുവിന്റെ ദൈവത്വത്തെ പ്രകീർത്തിക്കുന്നുണ്ട്. നിഖ്യാ സൂനഹദോസിനു മുമ്പുതന്നെ സഭാപിതാക്കന്മാരായ ഇഗ്നേഷ്യസ് (എ.ഡി. 105, ക്ലമന്റ് 150) ഐറേനിയസ് (എ.ഡി. 180) തെർത്തുല്യൻ (200) ഒരിജൻ (225) സിപ്രിയൻ (250) തുടങ്ങിയവരൊക്കെ യേശുവിന്റെ ദൈവികതയെ പഠിപ്പിക്കുകയും പ്രഘോഷിക്കുകയും ചെയ്തവരാണ്. ഇത്തരം ചരിത്രരേഖകൾ ധാരാളമുണ്ടായിട്ടും നിഖ്യാ സൂനഹദോസാണ് യേശുവിനെ ദൈവമാക്കിയതെന്ന് പറയുന്നത് അസംബന്ധമല്ലേ? സൂനഹദോസിൽ അതുവരെയും ഉണ്ടായിരുന്ന സത്യവിശ്വാസത്തെ ക്രോഡീകരിക്കുകയും ഉറപ്പിക്കുകയും മാത്രമാണ് ചെയ്തിട്ടുള്ളത്.

യേശുവിന് ഒരു ഭാര്യയുണ്ടായിരുന്നെങ്കിൽ തീർച്ചയായും ക്രിസ്തുമതത്തെ എതിർത്ത് നശിപ്പിക്കുവാൻ ശ്രമിച്ച യഹൂദനേതാക്കന്മാരാരെങ്കിലും അത് രേഖപ്പെടുത്തുമായിരുന്നു. കഴിഞ്ഞ രണ്ടായിരം വർഷങ്ങൾക്കിടയിൽ ക്രിസ്തുവിന്റെയും ക്രിസ്തുമതത്തിന്റെയും ശത്രുക്കൾ ധാരാളമായി ലോകത്തിലുണ്ടായിരുന്നു. പക്ഷേ അവരാരും ക്രിസ്തുവിനെ ഇത്തരത്തിൽ കണ്ടിരുന്നില്ല. പിന്നെ ഈ 2003 - ൽ ഇങ്ങനെയൊരു വെളിപാട് കിട്ടിയത് എന്തടിസ്ഥാനത്തിലാണ്? ഡാവിൻചി വരച്ച അന്ത്യ അത്താഴം എന്ന ചിത്രത്തിൽ ഒളിഞ്ഞിരിക്കുന്ന കോഡുകൾ കണ്ടെത്തിയാണത്രെ ഡാൻ ബ്രൗൺ പുതി. ചരിത്രം രചിച്ചിരിക്കുന്നത്. 'അന്ത്യ അത്താഴം' നിങ്ങളിലൊരുവൻ എന്നെ ഒറ്റിക്കൊടുക്കുമെന്ന് യേശു പന്ത്രണ്ട് അപ്പോസ്തോലന്മാരോടു പറഞ്ഞ സമയത്തെ അപ്പോസ്തോലവൃന്ദത്തിന്റെ ഭാവിപ്രകടനങ്ങൾ ചിത്രീകരിക്കുന്ന ഒന്നാണ്. "ഇതിൽ യേശുവിന്റെ തൊട്ടടുത്തിരിക്കുന്ന യോഹന്നാന്റെ മുഖത്ത് സ്ത്രൈണഭാവമുണ്ട്. അതിനാൽ അത് മഗ്ദലേന മറിയമാണ് യോഹന്നാനല്ല" എന്നു പറയുന്നതിൽ എന്ത് ശാസ്ത്രീയ അടിസ്ഥാനമാണുള്ളത്. പ്രായത്തിൽ കുറഞ്ഞവനായ യോഹന്നാനെ നവോത്ഥാന കാലഘട്ടത്തിന്റെ എല്ലാ ചിത്രകാരന്മാരും പൊതുവെ സ്ത്രൈണഭാവത്തിൽ തന്നെയാണ് ചിത്രീകരിച്ചിട്ടുള്ളത്. (നവോത്ഥാന കാലഘട്ടത്തിലെ അവസാന അത്താഴത്തിന്റെ ചിത്രങ്ങൾ പരിശോധിച്ചാൽ ഇത് വ്യക്തമാകുന്നതാണ്). ഇനി യോഹന്നാൻ മഗ്ദലേന മറിയമാണെങ്കിൽ ചിത്രത്തിൽ യോഹന്നാൻ എവിടെയാണ്. അല്ലെങ്കിൽ യോഹന്നാൻ ആ സമയത്ത് എവിടെപ്പോയിരുന്നു എന്നതിന്റെയൊക്കെ കോഡും ഡാൻ ബ്രൗൺ കണ്ടെത്തിയിരുന്നു.

പത്രോസ്ശ്ലീഹാ അധികാരം പിടിച്ചുപറ്റാൻ വേണ്ടി മഗ്ദലേനാ മറിയത്തെ ഫ്രാൻസിലേക്കോടിച്ചുവെങ്കിൽ പിന്നെ എങ്ങനെയാണ് പത്രോസ് നേതൃത്വം കൊടുത്ത സഭയിൽ ഇന്നും മേരി മാഗ്ദലിൻ ഒരു വിശുദ്ധയായി നിലകൊള്ളുന്നത്? ജനകോടികളുടെ വിശ്വാസത്തെ അവഹേളിക്കുന്ന ഈ ചരിത്രാഭാസത്തെ നാം നിസ്സാരമായി കാണരുത്. യേശുവിനെ അനുഭവിച്ചറിഞ്ഞ ഒരു വ്യക്തിക്ക് ഈ നോവൽ ഒരു പ്രശ്നമല്ല. എന്നാൽ വളരുന്ന തലമുറയും അക്രൈസ്തവ സമൂഹവും ഈ നോവൽ വഴിയും ഇതിന്റെ ചരിത്രാവിഷ്ക്കാരംവഴിയും യഥാർത്ഥ ക്രിസ്തുവിനെ കാണാൻ കഴിവില്ലാത്തവരായി മാറാം. സഭയെ വെറുമൊരു തട്ടിപ്പ് സംഘമായി അവതരിപ്പിക്കുന്ന ഈ നോവലിന് വലിയ പ്രത്യാഘാതങ്ങൾ മനുഷ്യമനസ്സുകളിൽ സൃഷ്ടിക്കാനും കഴിവുണ്ട്. ഈ പശ്ചാത്തലത്തിൽ ഡാവിൻചികോഡ് ഉയർത്തുന്ന വെല്ലുവിളികളെയും ഈ പുസ്തകത്തിലെ അസത്യങ്ങളെയും തുറന്നു കാണിക്കുന്ന പ്രത്യേക സപ്ലിമെന്റ് ഈ ലക്കം സൺഡേ ശാലോമിനോടൊപ്പം ഞങ്ങൾ പ്രസിദ്ധീകരിച്ചിരിക്കുകയാണ്. സഭാ സമൂഹം ഒന്നായി ഈ ചരിത്രവൈകൃതത്തിനെതിരെ പ്രതികരിച്ചില്ലെങ്കിൽ നാളെ ഇതിനേക്കാൾ വലിയ അവഹേളനം നമ്മുടെ വിശ്വാസം നേരിടേണ്ടിവരും. അതിനാൽ യേശു കർത്താവാണെന്ന് കൂടുതൽ ശക്തിയോടെ ഏറ്റുപറയുവാൻ ഈ പുസ്തകം നമ്മെ വെല്ലുവിളിക്കട്ടെ.

**Editorial Board**
Very Rev. Kuriakose Corepiscopa Moolayil (Chairman)
Thomas Danial Cheppaud
Dr. Thomas Joseph
Nibu M. John Chennithala
John Philip Kottapparampil
Biju Kurian Mathew
Manoj Mathew
C.K. Joy
Bibby Abraham Kadavumbhagom (Chief Editor)
editor@viswasasamrakshakan.org
abrahambibby@yahoo.com
Pulickal Kavala, Vazhoor, Kottayam

**Advisory Board**
Chairman: Thampu George Thukalan (Sabha Secretary)
Prof. Chev. M.A. Paulouse
Chev. K.V. Paulouse
Chev. P.K. Paulose Kooran
Dr. Paul Samuel
Sinu P John
Baby Gleeson Zachariah
Chev. Thomas Abraham
Babu Maracheril
Babu Jacob Nadayil
Owned supported by
http://moradaistudycenter.cjb.net
Cheeranchira, Changanachery
686106, India
USA Addresses: 1995 Parkside Dr. #2N, Park Ridge, IL 60068-1060
email
moolelachen@yahoo.com
http://stgeorgechurchchicago.cjb.net
Tel: 847 635 4795 Cell: 224 522 2656